VOL NO: 04 | ISSUE 02
www.nerpatham.com
mail@nerpatham.com

2020 JANUARY 11 | ₹12

# നേർപഥം
## വാരിക



# എന്തുകൊണ്ട് മധ്യകാല ഇന്ത്യാചരിത്രം?

പ്രൗഢ പാരമ്പര്യമുള്ള രാജ്യമാണ് ഇന്ത്യ. വർഗീയതയും അസഹിഷ്ണുതയും പെരുകിയ വർത്തമാനകാല സാഹചര്യത്തിൽ നിന്ന് രാജ്യത്തിന്റെ ഭൂതകാലത്തെ അപഗ്രഥിക്കുമ്പോൾ നഷ്ടബോധം തോന്നുക സ്വാഭാവികം. ചരിത്രരചയിതാക്കൾ ഭാരതീയ ചരിത്രത്തെ പ്രധാനമായും മൂന്നായി തരം തിരിച്ചിട്ടുണ്ട്. എന്നാൽ പൂർവ ചരിത്രത്തെയും ആധുനിക ചരിത്രത്തെയും മഹത്ത്വവൽക്കരിക്കുമ്പോൾ തന്നെ മധ്യകാല ചരിത്രം പലരും തമസ്കരിക്കുകയോ വക്രീകരിക്കുകയോ ചെയ്തതായി കാണം. എന്തുകൊണ്ട് മധ്യകാല ചരിത്രം വസ്തുനിഷ്ഠമായി ലഭ്യമാവുന്നില്ല? തുറന്ന അന്വേഷണം.

**അസത്യം സിംഹാസനത്തിലാണ്**

**അനുഗ്രഹങ്ങളിൽ നന്ദി കാണിക്കുക നാം**

**അല്ലാഹുവിന്റെ നാമ, ഗുണ വിശേഷണങ്ങൾ: അഹ്‌ലുസ്സുന്നയുടെ നിലപാട്**

## ഹദീഥ് സംരക്ഷണത്തിൽ പൂർവികരുടെ ത്യാഗ പരിശ്രമങ്ങൾ

ക്വുർആനും ഹദീസുമാണ് ഇസ്‌ലാമിക പ്രമാണങ്ങൾ. പ്രവാചകന്ﷺയുടെ ജീവിതമാതൃകയായ ഹദീസിനോട് പൂർവികർ പുലർത്തിപ്പോന്ന ആദരവും അത് പിൻപറ്റുന്നതിൽ അവർ കാണിച്ച നിഷ്കർഷയും ഏതൊരാളെയും അത്ഭുതപ്പെടുത്തുന്നതാണ്. പ്രവാചകമാതൃക കണിശമായി ജീവിതത്തിൽ പകർത്താൻ മുൻഗാമികളെടുത്ത ത്യാഗപരിശ്രമങ്ങളെ കുറിച്ചുള്ള വിവരണം.

Let's scaffold to survive

Relief .......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,
Assalamu Alaikum..!
In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.

May the Almighty empower all of us for the successful implementation of all our plans... (Aameen)

The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635

Mob: 9567 070 031 - Whatsapp Only

നേർപഥം
വാരിക

0156 / 2020 ജനുവരി 11
1441 ജുമാദൽ അവ്വൽ 16
പുസ്തകം 04 / ലക്കം 02



# എന്തുകൊണ്ട് മധ്യകാല ഇന്ത്യാചരിത്രം?

സജ്ജാദ് ബിൻ അബ്ദുറസാക്വ് / 10

**മുഖമൊഴി**

അസത്യം സിംഹാസനത്തിലാണ് / 05
എഡിറ്റർ

**ജാലകം**

പ്രളയം കഴുകിയ മനസ്സുകൾ / 06
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ലേഖനം**

ഹദീഥ് സംരക്ഷണത്തിൽ പൂർവികരുടെ ത്യാഗപരിശ്രമങ്ങൾ / 14
ഇമാം ജലാലുദ്ദീൻ അബ്ദുർറഹ്മാൻ സുയൂത്തി

അല്ലാഹുവിന്റെ നാമ, ഗുണ വിശേഷണങ്ങൾ: അഹ്‌ലുസ്സുന്നയുടെ നിലപാട് / 20
ശൈഖ് മുഹമ്മദുബ്നു സ്വാലിഹുബ്നു ഉഥൈമീൻ

അനുഗ്രഹങ്ങളിൽ നന്ദി കാണിക്കുക നാം / 26
സലീം സുല്ലമി വെള്ളേരി

**കാഴ്ച**

അന്നം / 18
ഫൈസൽ അനന്തപുരി

**കവിത**

ജീവിതയാത്ര / 25
ആബിദ

ത്രിവർണം / 34
സീനത്ത് അലി, എടത്തനാട്ടുകര

**ക്വുർആൻ ദർശനം**

ഖലം (പേന), ഭാഗം: 4 / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅ്ദി

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

# സവർക്കറുടെ ആശയമല്ല രാജ്യത്തെ ഹിന്ദുക്കൾ പിന്തുടരുന്നത്: വി.ഡി സതീശൻ എം.എൽ.എ

പെരുമ്പാവൂർ: സവർക്കറുടെ ആശയമല്ല രാജ്യത്തെ ഹിന്ദുക്കൾ പിന്തുടരുന്നതെന്ന് വി.ഡി സതീശൻ എം.എൽ.എ അഭിപ്രായപ്പെട്ടു. പെരുമ്പാവൂരിൽ നടന്ന ദക്ഷിണ കേരള മുജാഹിദ് സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദേശീയ പ്രസ്ഥാനങ്ങളുടെയും ഗാന്ധിയൻ ആശയങ്ങളുടെയും പിന്തുടർച്ചക്കാരായ ആളുകൾ ഉള്ളിടത്തോളം രാജ്യത്ത് ഫാസിസ്റ്റ് അജണ്ട നടപ്പാക്കാൻ കഴിയുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ മഹിതമായ പാരമ്പര്യവും ഭരണഘടനാ മൂല്യങ്ങളും ഇല്ലായ്മ ചെയ്യാനാണ് ഭരണത്തിന്റെ മറവിൽ ഫാസിസ്റ്റ് ശക്തികൾ ശ്രമിക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ദേശീയ പ്രസ്ഥാനത്തോടും സ്വാതന്ത്ര്യസമര പോരാട്ടങ്ങളോടും പുറംതിരിഞ്ഞ് നിന്നവരാണ് രാജ്യത്തിന്റെ വൈവിധ്യത്തെ ഉൾക്കൊള്ളാതെ വിഭാഗീയതക്ക് പരിശ്രമിക്കുന്നത്. രാജ്യത്തിന്റെ ചരിത്രം പഠിക്കാത്തവരാണ് ഇന്ന് ഇന്ത്യാ രാജ്യം ഭരിക്കുന്നത്. രണ്ടാം മോദി സർക്കാർ മതപരമായ വിവേചനം നടപ്പാക്കുകയാണ്. പൗരത്വ പട്ടികയും പൗരത്വ ഭേദഗതി നിയമവും ഒരേ നാണയത്തിന്റെ രണ്ട് പുറങ്ങളാണ്.

ന്യൂനപക്ഷ സംരക്ഷണം ഉറപ്പ് നൽകുന്ന ഭരണഘടനയുള്ള രാജ്യമാണ് ഇന്ത്യ. ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾ ദുർബലപ്പെടുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ച് വരുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യ സമരം സമാനതകളില്ലാത്ത സമരമാണ്. കേവലം രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമായിരുന്നില്ല ലക്ഷ്യം, മറിച്ച് സാമൂഹിക നീതിയും സമത്വവും മുഖ്യലക്ഷ്യമായിരുന്നു.

സാമൂഹികമായി പിന്നാക്കം നിന്നിരുന്ന വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നത് ഭരണഘടനാപരമായ ബാധ്യതയായി കണ്ട് നിയമനിർമാണം നടത്തുന്ന രാജ്യത്തെ ഭിന്നിപ്പിക്കാൻ അനുവദിക്കില്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ലോകാടിസ്ഥാനത്തിൽ അഭയാർഥികളോട് സ്വീകരിച്ച് വരുന്ന മാനവിക കാഴ്ചപ്പാടുകൾ പോലും കേന്ദ്ര സർക്കാർ വിസ്മരിച്ച് വരികയാണ്- എം.എൽ.എ പറഞ്ഞു.

## കുറ്റവാളികൾ ശിക്ഷിക്കപ്പെടണം

പ്രതികളെ തെരുവിൽ വെടിവച്ച് വീഴ്ത്തുന്ന ഏമാന്മാരല്ല ജനാധിപത്യരാജ്യത്ത് ഹീറോകളാകേണ്ടത്; നീതിയുക്തമായി, പരമാവധി വേഗത്തിൽ കേസുകളിൽ വിധിപറഞ്ഞ് ബഹുമാനപ്പെട്ട കോടതികളാണ്. വിധിതീർപ്പിൽ കാലതാമസം സംഭവിച്ച് കുറ്റവാളികൾ എന്ന് ഉറപ്പുള്ളവർ പോലും ജയിലറയിൽ തടിച്ചുകൊഴുക്കുമ്പോഴാണ് പൊലീസിന്റെ ഏറ്റുമുട്ടൽ കൊലപാതകങ്ങളെ പൊതുജനത്തിന് ന്യായീകരിക്കേണ്ടി വരുന്നത്.

കൊല്ലപ്പെട്ടവർ കുറ്റവാളികളും കൊല്ലപ്പെടേണ്ടവരുമായേക്കാം. പക്ഷേ, കുറ്റാരോപിതരെ വെടിവച്ചു കൊല്ലുന്നതിനെ ഒരിക്കലും ന്യായീകരിക്കാനോ നീതീകരിക്കാനോ ആവില്ല. നിയമപാലകർക്കുപോലും നിയമം കയ്യിലെടുക്കാൻ 'ജനാധിപത്യം' ഇടനൽകുന്നില്ലെന്നതാണ് സത്യം. പൊലീസിന്റെ ഏറ്റുമുട്ടൽ കൊലപാതകങ്ങൾ ഇന്ത്യയിൽ ഒട്ടേറെ നടക്കുന്നുണ്ട്. പതിയെ രാഷ്ട്രീയവും മതവും സമാസമം ചേർന്ന് നാളെ നമ്മുടെ നാട്ടിലും വീട്ടുപടിക്കലും ഇത് എത്തില്ലെന്ന് ഉറപ്പുപറയാനാകില്ല. അന്നും ന്യായീകരിക്കാനാളുണ്ടാകുമെന്നത് സത്യം!

ആൾക്കൂട്ട കൊലപാതകങ്ങളെക്കാൾ അപകടം തന്നെയാണ് ഇത്തരം ഏറ്റുമുട്ടൽ കൊലപാതകങ്ങൾ. പ്രതികൾ കല്ലെറിഞ്ഞോടുമ്പോഴേക്കും വെടിവച്ചു കൊല്ലുന്ന ഏമാന്മാർക്ക് പകരം പ്രതികളെ കോടതി കയറ്റി, കുറ്റത്തിന്റെ ഗൗരവം പരിഗണിച്ച് ന്യായാന്യായങ്ങൾ പരിശോധിച്ച് എത്രയും പെട്ടെന്ന് വിചാരണ നടത്തി ശിക്ഷവിധിക്കുന്ന തലത്തിലേക്ക് നീതിന്യായവ്യവസ്ഥ മാറിയേ പറ്റൂ. കുറ്റം ചെയ്താൽ ശിക്ഷിക്കപ്പെടുമെന്ന ബോധം കുറ്റവാളികൾക്കും ഇരകൾക്കും പൊതുജനത്തിനും ഒരുപോലെ ഉണ്ടാകുമ്പോൾ മാത്രമാണ് ജനാധിപത്യം പ്രസക്തമാകുന്നത്.

-അബ്ദുൽ വാജിദ് പി.പി

# അസത്യം സിംഹാസനത്തിലാണ്

> സത്യം കൊലമരത്തിലാണെന്നും
> എന്നും സിംഹാസനത്തിലാണസത്യം
> എങ്കിലും ആ കൊലമരം
> ഭാവിയെ ഇളക്കിമറിക്കുന്നു
> -ജെയിംസ് ലോവൽ

ഇന്ത്യയുടെ ഭരണസാരഥ്യത്തിലുള്ള രണ്ട് ഉന്നത സ്ഥാനീയരിൽ ആരാണ് സത്യം പറയുന്നത്? ആരാണ് കള്ളം പറയുന്നത്? അഭ്യന്തര മന്ത്രി ഒന്ന് പറയുന്നു. പ്രധാനമന്ത്രി അതിനെതിരായി പറയുന്നു. ഒരു കാര്യം ഉറപ്പ്; രണ്ടുപേർ പറയുന്നതും രണ്ടായി തോന്നുമെങ്കിലും രണ്ടു പേരുടെയും ലക്ഷ്യം ഇന്ത്യയുടെ മുഖഛായ മാറ്റുക എന്നത് തന്നെയാണ്. ഭാവനാസമ്പന്നരും ഭരിക്കാൻ കഴിയുന്നവരുമായ ഭരണാധികാരികൾ നാടിന്റെ മുഖഛായ മാറ്റുക ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകിക്കൊണ്ടുള്ള നാനോന്മുഖമായ പുരോഗതികൾകൊണ്ടും ജീവിതനിലവാരം ഉയർത്തിക്കൊണ്ടുമാണെങ്കിൽ ഇന്ന് നമ്മുടെ ഭരണാധികാരികൾ നാടിന്റെ മുഖഛായ മാറ്റുന്നത് അതിന്റെ മതേതരത്വം, ജനാധിപത്യം, ബഹുസ്വരത തുടങ്ങിയ സുന്ദരമായ വശങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള ശ്രമത്തിലൂടെയാണ്.

രാജ്യത്തെ ഏകശിലാത്മകമാക്കി മാറ്റുവാനുള്ള തീവ്രശ്രമത്തിന്റെയും ഗൂഢചിന്തകളുടെയും ബഹിർസ്ഫുരണമാണ് പൗരത്വ ഭേദഗതി ബില്ലും എൻ.ആർ.സിയും എന്ന് മനസ്സിലാക്കാൻ അതിബുദ്ധിയൊന്നും വേണ്ട. ഒരു സമുദായത്തോട് മൊത്തം ഭരണകൂടം അയിത്തം കൽപിക്കുന്നതിനെക്കാൾ നാണക്കേട് മറ്റെന്താണ്? ഇസ്‌റാഈൽ എന്ന ഭീകര രാജ്യത്തിന്റെ വംശീയ വിരോധത്തെയും ഉന്മൂലന സിദ്ധാന്തത്തെയും ചാണിനു ചാണായി പിന്തുടരുവാൻ മത്സരിക്കുകയാണ് നമ്മുടെ ഭരണാധികാരികൾ.

ന്യൂനപക്ഷത്തിന് ഭരണഘടന അനുവദിച്ചു നൽകിയ അവകാശങ്ങൾ ഓരോന്നായി എടുത്തുകളഞ്ഞുകൊണ്ടിരുന്നപ്പോൾ അവരുടെ പൗരത്വത്തിലേക്ക് വരെ കടന്നുകയറുമെന്ന് അധികമാരും നിനച്ചിരിക്കാനിടയില്ല. ഇന്നിപ്പോൾ ആ ഭീഷണിയും നിലവിൽ വന്നിരിക്കുന്നു. എന്നാൽ മതനിരപേക്ഷ ഇന്ത്യ ഈ അനീതിക്കെതിരെ ഉണർന്നു കഴിഞ്ഞിരിക്കുന്നു. രാജ്യത്തെ ജനങ്ങളിൽ വർഗീയമായ ചേരിതിരിവുണ്ടാക്കുവാനും അവരെ ഭിന്നിപ്പിക്കുവാനും സമ്മതിക്കില്ല എന്ന് ഒറ്റക്കെട്ടായി ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. പ്രതിഷേധത്തിന്റെ വഴിയിൽ ഡസൺ കണക്കിനാളുകൾ കൊല്ലപ്പെട്ടു കഴിഞ്ഞു. ആയിരങ്ങൾ ജയിലിലടക്കപ്പെട്ടു.

സ്വാതന്ത്ര്യസമര രംഗത്ത് മുസ്‌ലിം ജനത വഹിച്ച പങ്ക് ആർക്കും നിഷേധിക്കാൻ സാധ്യമല്ല. സ്വാതന്ത്ര്യം ലഭിക്കുന്നതിന്റെ ഒരു നൂറ്റാണ്ടു മുമ്പുതന്നെ വെള്ളക്കാരുടെ കണ്ണിലെ കരടായി കേരളത്തിലെ സ്വാതന്ത്ര്യദാഹികളായ മുസ്‌ലിംകൾ മാറിയിരുന്നതായി ചരിത്രം പറയുന്നു. തങ്ങളുടെ അധിനിവേശത്തെ ചോദ്യം ചെയ്യുന്ന മുസ്‌ലിംകളെ പാഠം പഠിപ്പിക്കാൻ 1853ൽ മദിരാശി ഗവൺമെന്റ് ടി.എൽ സ്‌ട്രെയിഞ്ചിന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെ നിശ്ചയിച്ചു. സമരത്തെ അടിച്ചമർത്താൻ കമ്മീഷൻ ശുപാർശ ചെയ്തു. സ്വത്ത് പിടിച്ചെടുക്കുക, സംശയിക്കുന്നവരെ നാടുകടത്തുക, ആയുധങ്ങൾ ശേഖരിക്കുന്നത് തടയുക, പള്ളിനിർമാണം തടയുക, ഹിന്ദുക്കൾ മാത്രമായുള്ള സായുധസേന രൂപീകരിക്കുക തുടങ്ങിയവയായിരുന്നു നിർദേശങ്ങൾ. അതിനായി നിയമങ്ങൾ നിർമിച്ചു. മാപ്പിള റെബല്ലിയസ് ആക്ട്, മാപ്പിള ഔട്ട്‌റേജസ് ആക്ട് എന്നിവ ഉദാഹരണം. സ്വാതന്ത്ര്യസമരക്കാരായ മുസ്‌ലിംകളെ തീയിലിട്ടുകരിക്കാൻ വരെ ഈ നിയമം അധികാരം നൽകി.

എന്നിട്ട് എന്ത് സംഭിച്ചു എന്നതിന് ചരിത്രം സാക്ഷിയാണ്. ആർക്കാണ് അടിയറവു പറയേണ്ടി വന്നത്? ചരിത്രത്തിൽ നിന്ന് ഏറെ പഠിക്കാനുണ്ട്.

**2018ൽ** കേരളത്തിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ കൂടുതൽ തെക്കൻ മേഖലകളെയാണ് ബാധിച്ചത്. ഇത് അറിഞ്ഞയുടൻ അന്നാട്ടുകാരോടൊപ്പം കൈകോർത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ നിരതരാകുവാനും സഹായങ്ങൾ എത്തിക്കുവാനും  കേരളത്തിൽ നിന്നും ഇതരസംസ്ഥാനങ്ങളിൽ നിന്നുമൊക്കെ ജനങ്ങൾ ഓടിയെത്തി.

മെല്ലെമെല്ലെ കേരള ജനതയുടെ മനസ്സുകളിൽ ഇടം പിടിച്ചുകൊണ്ടിരുന്ന, വർഗീയ ധ്രുവീകരണമടക്കം മത-രാഷ്ട്രീയ വിഭാഗീയതകൾ വർധിച്ചു വന്നിരുന്ന ആ സന്ദർഭത്തിൽ, ഈ സഹായ സഹകരണങ്ങളുടെ കൂട്ടായ്മ മനുഷ്യബന്ധങ്ങളെ ഊട്ടിയുറപ്പിച്ചു. എല്ലാ വിഭാഗീയതകളും എല്ലാവരും അന്ന് മറന്നു. വേദനിക്കുന്ന മനസ്സിന്റെ അനുഭവങ്ങളും കണ്ണുനീരിന്റെ നനവും ജാതിക്കും പാർട്ടിക്കും വർഗവർണങ്ങൾക്കും അതീതമാണെന്ന് നാം അന്ന് തെളിയിച്ചു.

2019ൽ, കൃത്യം ഒരുവർഷം പിന്നിട്ടപ്പോൾ വീണ്ടും ഇന്നാട്ടിൽ ഒരു പ്രളയം കൂടി ദുരിതം വിതച്ചു. അത് പക്ഷേ, വടക്കൻ മേഖലകളെയാണ് അധികം ബാധിച്ചത്. പ്രതീക്ഷിച്ച പോലെ തന്നെ ഇപ്രാവശ്യം തെക്കൻ മേഖലയിൽനിന്നും മനുഷ്യവിഭവങ്ങളും ഭക്ഷ്യ-വസ്ത്ര വസ്തുക്കളും ഓടിയെത്തി. എല്ലാ ഭിന്നതകളും മറന്ന് തങ്ങളുടെ സഹജീവികൾക്കു വേണ്ടി അവർ പ്രവർത്തിച്ചു.

രണ്ട് പ്രളയംമൂലം നാം കേരളീയർ ഒട്ടനവധി പ്രയാസങ്ങളനുഭവിച്ചു. വിലപ്പെട്ട പലതും നഷ്ടമായി എന്നത് ശരി. പക്ഷേ, നമ്മുടെ മനുഷ്യത്വം മരിച്ചിട്ടില്ലെന്ന് ഏവർക്കും ബോധ്യപ്പെടാൻ അതിലൂടെ അവസരം ലഭിച്ചു. പ്രവാചകന്മാരും വേദങ്ങളും കാണിച്ചുതന്ന മാനവികതയുടെ വെളിച്ചം മനുഷ്യമനസ്സുകളിൽ നിന്ന് തീരെ അസ്തമിച്ചു പോയിട്ടില്ല എന്ന് ആശ്വസിക്കാം.

ഇതിൽ നിന്നൊക്കെ നമുക്ക് പഠിക്കാനുള്ള ഗുണപാഠങ്ങളിലേക്കാണ് നമുക്കിനിയും തിരിഞ്ഞു നോക്കാനുള്ളത്. ഒന്നാമതായി മനുഷ്യ കൂട്ടായ്മയുടെ പ്രയോജനവും ഗുണഫലവും തന്നെയാണ്. ഞാനും എന്റെ സ്വന്തം കാര്യവും എന്ന നിലപാട് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. ഒത്തുപിടിച്ചാൽ മലയും മറിക്കാം എന്നാണല്ലോ ചൊല്ല്. നിർമാണവും സംഹാരവും പെട്ടെന്ന് നടത്താൻ മനുഷ്യരുടെ കൂട്ടായ്മക്ക് സാധിക്കും. പലതും ന

# പ്രളയം കഴുകിയ മനസ്സുകൾ

ജാലകം

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



മുക്കിവിടെ നിർമിക്കാനുണ്ട്. അധികാരം, പണം, കൈക്കരുത്ത് എന്നിവയ്ക്കപ്പുറത്ത് ഇതെല്ലാം നിയന്ത്രിക്കുന്ന ഒരു രക്ഷിതാവിനെപ്പറ്റിയുള്ള വിശ്വാസവും ബോധവും ഇവിടെ പുനഃസ്ഥാപിക്കണം. അവന്റെ വിധിവിലക്കുകൾ വളച്ചുകെട്ടില്ലാതെ പഠിപ്പിക്കപ്പെടണം. അന്ധവിശ്വാസങ്ങളിൽ നിന്നും ആചാരവൈകൃതങ്ങളിൽ നിന്നും മനുഷ്യനെ രക്ഷപ്പെടുത്തണം. അതിന് ആത്മാർഥതയുള്ള കൂട്ടായ്മകളും ചിന്തകളും പദ്ധതികളും ആവശ്യമാണ്. അല്ലാഹുവിന്റെ കോപത്തിൽ നിന്നും ശിക്ഷയിൽ നിന്നും നാടിന്നും ജനങ്ങൾക്കും മോക്ഷം ലഭിക്കാൻ മനസ്സുകളെ ശുദ്ധീകരിക്കുവാനുള്ള പ്രബോധന കൂട്ടായ്മകൾക്ക് നാം ശക്തിപകരുക.

പ്രളയം വരുത്തിയ ദുരിതത്തിൽ നിന്ന് രക്ഷപ്പെടാൻ പുനരധിവാസ പ്രവർത്തനങ്ങൾ സർക്കാരും സന്നദ്ധ സേവകന്മാരും മതസംഘടനകളും രംഗത്തിറങ്ങി. എന്നാൽ മനുഷ്യഹൃദയങ്ങളിൽ അള്ളിപ്പിടിച്ച തിന്മകളിൽ നിന്ന് അവരെ രക്ഷിക്കാൻ ഇനിയും പ്രയത്നങ്ങൾ ആവശ്യമുണ്ട് നമുക്ക്. അതിനു വിവേകപൂർവമുള്ള ചുവടുവയ്പുകൾ ആവശ്യമാണ്. നാട്ടിൽ നാശനഷ്ടങ്ങൾ വർധിക്കുന്നത്, മനുഷ്യകരങ്ങൾ ചെയ്ത തിന്മകൾ മൂലമാണോ എന്ന് നാം ചിന്തിക്കണം.

ഏതുകാര്യത്തിനും മതവും ജാതിയും പാർട്ടിയും നോക്കുന്ന ദുരവസ്ഥ വർധിച്ചു വരികയായിരുന്നല്ലോ നാട്ടിൽ. അത് പക്ഷേ, ഈ ദുരിത കാലത്ത് ആരും കണ്ടില്ല. മാതാപിതാക്കളെ സംരക്ഷിക്കുന്ന കാര്യത്തിൽ പോലും ലാഭനഷ്ടം നോക്കുന്ന ഒരു അഭിശപ്ത ചിന്ത, പ്രത്യേകിച്ചും ഇളം തലമുറകളിൽ ഏറിവരികയായിരുന്നു. അതും ഈ ദുരിതകാലത്ത് കണ്ടില്ല. ലാഭക്കൊതിയില്ലാതെ തന്നെ പരസ്പര സഹായത്തിന് നാം തയ്യാറായി. ഈയൊരു ബോധം നമ്മുടെ സംസ്കാരമായി രൂപപ്പെടണം. നാം അതിനുവേണ്ടി രംഗത്തിറങ്ങണം.

അങ്ങ് ആസാമിലും ബീഹാറിലും ജാർഖണ്ഡിലും കെടുതികളുണ്ടായപ്പോൾ കേരളത്തിലെ മസ്ജിദുകളിൽ നിന്നും മറ്റും ഫണ്ട് സ്വരൂപിച്ചയച്ചത് ഓർക്കുക. കേരളത്തിലെ കെടുതികളിൽ കണ്ട്, രാജ്യത്തിലെ ദാരിദ്ര്യമനുഭവിക്കുന്ന വടക്കൻ സംസ്ഥാനങ്ങളിൽവരെ പിരിവുകൾ നടന്നതും നാം കണ്ടു. ഇതാണ് ഭാരതീയന്റെ പാരമ്പര്യം. അവിടെ ജാതിയോ വർഗമോ ഭാഷയോ തടസ്സമായില്ല. ഇതാണ് കേരളീയന്റെ സംസ്കാരം.

ചുരുക്കത്തിൽ നല്ല കൂട്ടായ്മകൾക്കും അവയുടെ നേതൃത്വത്തിനും ഒരുപാട് കാര്യങ്ങളിവിടെ ചെയ്യാനുണ്ട്. നമുക്ക്ചുറ്റും നല്ല കൂട്ടായ്മകളിൽകൂടി എന്തൊക്കെ ചെയ്യാമെന്ന് ഓരോരുത്തരും ആലോചിക്കുക.

പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങൾ രാജ്യത്ത് കൊടുമ്പിരി കൊള്ളുകയാണ്. മാനവസൗഹാർദത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന, ജനങ്ങളെ മതപരമായി ധ്രുവീകരിക്കാനുള്ള കുത്സിത ശ്രമമാണ് പൗരത്വ ഭേദഗതി ബില്ലിലും എൻ.ആർ.സിയിലും നാം കാണുന്നത്. ഒരു മതവിഭാഗത്തോട് വ്യക്തമായ വിരോധം വച്ചുപുലർത്തുന്ന ഭരണാധികാരികളുടെ നിലപാട് നീചമാണ്. ഇന്ത്യയിൽ മതനിരപേക്ഷത നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന, ഭരണഘടനക്ക് വിരുദ്ധമായ നിയമങ്ങളെ അംഗീകരിച്ചു കൂടാ എന്ന നിലപാടുള്ള എല്ലാവരും മതത്തിന്റെയും ജാതിയുടെയും പാർട്ടിയുടെയും വ്യത്യാസങ്ങൾ മറന്ന് ആ കരിനിയമങ്ങളെ ചെറുത്തു തോൽപിക്കുവാൻ ജാഗ്രതയോടെ സമര രംഗത്തുണ്ടെന്നത് സന്തോഷരമായ കാര്യമാണ്, ആശാവഹമാണ്.

> **രണ്ട് പ്രളയംമൂലം നാം കേരളീയർ ഒട്ടനവധി പ്രയാസങ്ങളനുഭവിച്ചു. പക്ഷേ, നമ്മുടെ മനുഷ്യത്വം മരിച്ചിട്ടില്ലെന്ന് ഏവർക്കും ബോധ്യപ്പെടാൻ അതിലൂടെ അവസരം ലഭിച്ചു. പ്രവാചകന്മാരും വേദങ്ങളും കാണിച്ചുതന്ന മാനവികതയുടെ വെളിച്ചം മനുഷ്യമനസ്സുകളിൽ നിന്ന് തീരെ അസ്തമിച്ചു പോയിട്ടില്ല എന്ന് ആശ്വസിക്കാം.**

ജീവിതത്തിന്റെ സകല മേഖലകളിലും നന്മകൾ സംസ്ഥാപിക്കുവാൻ നാം മുൻകൈയെടുക്കണം. ധർമചിന്തയും സദാചാര നിഷ്ഠയും മാതൃകാജീവിതവും നയിക്കുന്ന നല്ല മനുഷ്യരായി നാം മാറണം. ഒരു നന്മക്ക് തുടക്കക്കാരാവാൻ നമുക്ക് സാധിച്ചാൽ ആ നന്മ ഈ ഭൂമിയിൽ നിലനിൽക്കുന്ന കാലമത്രയും അത് ചെയ്യുന്നവർക്ക് കിട്ടുന്ന പ്രതിഫലത്തിന് സമാനമായ പ്രതിഫലം നാം മരിച്ചാലും നമുക്ക് കിട്ടിക്കൊണ്ടിരിക്കുമെന്ന നബിവചനം മറക്കാതിരിക്കുക.

"...പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക..." (ക്വുർആൻ 5:2).

## ദക്ഷിണകേരള മുജാഹിദ് സമ്മേളനത്തിന് ഉജ്ജ്വല സമാപനം

# ബഹുസ്വരത ഇന്ത്യയുടെ സവിശേഷത

പെരുമ്പാവൂർ: കേരളമുസ്‌ലിംകളുടെ സർവതോന്മുഖമായ മുന്നേറ്റത്തിന് നായകത്വം വഹിച്ച മുജാഹിദ് പ്രസ്ഥാനത്തിന്റെ ആദർശത്തിൽ അടിയുറച്ചു നിന്നുകൊണ്ട് സമുദായത്തിന് ധിഷണാപരമായ നേതൃത്വം നൽകി മുന്നേറുന്ന വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ദക്ഷിണ കേരള മുജാഹിദ് സമ്മേളനം എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ സമാപിച്ചത് ചരിത്രത്തിൽ പുതിയൊരു അധ്യായം രചിച്ചുകൊണ്ടാണ്.

ദുരിതാശ്വാസ പ്രവർത്തനങ്ങളടക്കം സമൂഹത്തിൽ ഇടപെടേണ്ടതായ മേഖലകളിലെല്ലാം സൂക്ഷ്മതയോടെ ഇടപെട്ട് തങ്ങളൂടെതായ ഭാഗധേയം നിർണയിക്കുന്ന വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനും പോഷക ഘടങ്ങളും പൗരത്വ ഭേദഗതി ബില്ലിലെ അപകടങ്ങൾ ജനമനസ്സുകളെ മനസ്സിലാക്കിക്കൊടുക്കുന്നതിലും നിയമാനുസൃതമായ നിലയിൽ പ്രതിഷേധ പരിപാടികൾ നടത്തുന്നതിലും മുൻപന്തിയിലാണെന്ന് സമ്മേളനം തെളിയിച്ചു.

'പൗരത്വ നിഷേധത്തിനെതിരെ ചേർന്ന് നിൽക്കുക, ചെറുത്ത് തോൽപിക്കുക' എന്ന പ്രമേയത്തിൽ നടന്ന ദേശരക്ഷ സമ്മേളനം ബെന്നി ബഹനാൻ എം.പി ഉദ്ഘാടനം ചെയ്തു.

ബഹുസ്വരതയും വൈവിധ്യവുമാണ് ഇന്ത്യാരാജ്യത്തിന്റെ സവിശേഷതയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യൻ പൗരന്മാരിൽ ജനാധിപത്യബോധത്തിനു പകരം വംശീയത വളർത്താനാണ് ഭരണകൂടം ശ്രമിക്കുന്നത്. പൗരത്വ ഭേദഗതി നിയമം ഇന്ത്യയെ ഐക്യപ്പെടുത്താനല്ല; വിഭജിക്കാനും അസ്ഥിരപ്പെടുത്താനുമാണ് നിർമിച്ചിട്ടുള്ളത്. ഭരണഘടന സംരക്ഷണത്തിന് മതനിരപേക്ഷ കൂട്ടായ്മ കൂടുതൽ കരുത്താർജിക്കണം. ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയ ജനാധിപത്യ ബോധവും പാരമ്പര്യവും ആർക്കും ചോദ്യം ചെയ്യാൻ സാധിക്കാത്തതാണ്. ഇന്ത്യൻ ജനത വർഗീയതക്കൊപ്പമല്ലെന്നും ജനാധിപത്യത്തോടും മതനിരപേക്ഷതയോടുമൊപ്പമാണെന്നും വരും നാളുകൾ തെളിയിക്കുമെന്നും എം.പി കൂട്ടിച്ചേർത്തു.

എഴുപത്തിരണ്ട് കൊല്ലക്കാലത്തെ ഇന്ത്യാചരിത്രത്തിന് പരിചയമില്ലാത്ത അപകടകരമായ പ്രവണതയുമായി മാധ്യമങ്ങളെ കണ്ട കരസേനാ മേധാവിയെ ശാസിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. അദ്ദേഹം ഇടപെട്ടത് രാഷ്ട്രീയ വിഷയത്തിലല്ലെന്ന ന്യായീകരണം

രാജ്യസ്നേഹികൾക്ക് ഒട്ടും സ്വീകാര്യമല്ല, ബോധ്യമായിട്ടുമില്ല. ഉത്തർപ്രദേശിൽ നടക്കുന്ന സംഘർഷങ്ങളെ സംബന്ധിച്ച് നേരിട്ട് മനസ്സിലാക്കാൻ പാർലമെന്റ് അംഗങ്ങളുടെ സർവകക്ഷി പ്രതിനിധി സംഘം സന്ദർശനം നടത്തണം. ഇന്ത്യൻ ചരിത്ര കോൺഗ്രസിൽ പങ്കെടുത്ത ബഹുഭൂരിപക്ഷം ചരിത്രകാരന്മാരും പൗരത്വ ഭേദഗതി നിയമത്തിനെതിരെ പരസ്യമായി പ്രതിഷേധിച്ചത് മതനിരപേക്ഷ ഇന്ത്യക്ക് വൻ പ്രതീക്ഷയാണ് നൽകുന്നത്

പൗരത്വ ഭേദഗതി നിയമം ഒരു മുസ്‌ലിം പ്രശ്നം എന്നതിലുപരി ജനാധിപത്യം, നാനാത്വത്തിൽ ഏകത്വം തുടങ്ങിയ ഉന്നതമായ മൂല്യങ്ങൾക്കെതിരെയുള്ള വെല്ലുവിളിയാണ്. അതിനാൽ ഇതിനെതിരെയുള്ള പ്രക്ഷോഭ പരിപാടികളിൽ എല്ലാ വിഭാഗം ജനങ്ങളും പൂർവോപരി ശക്തിയോടെ രംഗത്തിറങ്ങണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

പൗരത്വ ഭേദഗതി നിയമം, ദേശീയ പൗരത്വ രജിസ്റ്റർ വിഷയങ്ങൾ മുസ്‌ലിം പ്രശ്നമായി മാത്രം ചുരുക്കാനുള്ള കേന്ദ്രസർക്കാറിന്റെ ശ്രമങ്ങളെ ചെറുക്കണം. ഗൗരവപരമായ വിഷയത്തിന് രാഷ്ട്രീയ പരിഹാരമാണ് വേണ്ടതെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

സി.എ.എ, എൻ.ആർ.സി എന്നിവയിൽ ഇളവ് വരുത്തുകയല്ല മറിച്ച് സി.എ.എ റദ്ദ് ചെയ്യുകയും എൻ.ആർ.സി നീക്കത്തിൽനിന്ന് പിന്തിരിയുകയുമാണ് വേണ്ടത്. പ്രക്ഷോഭ പരിപാടികൾ ജനാധിപത്യ മര്യാദകൾ പാലിച്ച് കൊണ്ടാണെന്ന് ഉറപ്പുവരുത്തണം.

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ ഇപ്പോഴും തുടരുന്ന ഇന്റർനെറ്റ് നിരോധനം കേന്ദ്രസർക്കാറിന്റെ ഒളിച്ചോട്ടത്തിന്റെ തെളിവായി മാത്രമെ കാണാനാകൂ. രാജ്യത്തിന് അനുദിനം കോടികൾ നഷ്ടപ്പെടുത്തുന്ന നടപടിയാണിത്. ജനങ്ങളുടെ സാധാരണ ജീവിതം തടസ്സപ്പെടുത്തുന്ന ഇന്റർനെറ്റ് നിരോധനം രാജ്യത്തെ അതിവേഗം പിന്നോട്ട് നയിക്കുകയാണെന്നും സമ്മേളനം ഓർമിപ്പിച്ചു.

ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ സാമുദായിക ശാക്തീകരണത്തിന് മുസ്‌ലിം മഹല്ലുകൾ മുന്നോട്ട് വരണം. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ബോധവൽക്കരണം ശക്തമാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

രാവിലെ ഒമ്പത് മണിക്ക് ആരംഭിച്ച സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. ടികെ അശ്റഫ് ആധ്യക്ഷ്യം വഹിച്ചു. അൻവർ സാദത്ത് എം.എൽ.എ, എൻ.സി മോഹനൻ എന്നിവർ പ്രസംഗിച്ചു.

ശേഷം നടന്ന പഠന സെഷനിൽ 'മതം ധാർമികത സംസ്കാരം,' 'വിശ്വസമാധാനത്തിന് ദൈവിക സന്ദേശം,' 'അല്ലാഹുവിനെ അറിയുക' തുടങ്ങിയ വിഷയങ്ങളിൽ പ്രൊഫ. ഹാരിസ്ബ്നു സലീം, അബ്ദുറഹ്മാൻ അൻസാരി, മുജാഹിദ് ബാലുശ്ശേരി, താജുദ്ദീൻ സ്വലാഹി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഉച്ചക്ക് ശേഷം നടന്ന പാനൽ ഡിസ്കഷനിൽ ശമീർ മദീനി, ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, മുഹമ്മദ് സ്വാദിഖ് മദീനി, അബ്ദുൽ മാലിക് സലഫി, ഹംസ മദീനി എന്നിവർ നേതൃത്വം നൽകി.

വൈകുന്നേരം നാലു മണിക്ക് ആരംഭിച്ച, 'പൗരത്വ നിഷേധത്തിനെതിരെ ചേർന്ന് നിൽക്കുക, ചെറുത്ത് തോൽപിക്കുക' എന്ന പ്രമേയത്തിൽ നടന്ന ദേശരക്ഷ സമ്മേളനത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി ടി.കെ അശ്റഫ് ആധ്യക്ഷ്യം വഹിച്ചു. വി.കെ ഇബ്രാഹീം കുഞ്ഞ് എം.എൽ.എ, മുൻ എം.പി പി. രാജീവ്, സുഫിയാൻ അബ്ദുസ്സലാം, കെ.സി മുഹമ്മദ് നജീബ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി.

സമാപന സമ്മേളനത്തിൽ സ്വാഗത സംഘം ചെയർമാൻ അബ്ദുസ്സലാം ആലപ്പുഴ ആധ്യക്ഷ്യം വഹിച്ചു. ടി.ജെ വിനോദ് എം.എൽ.എ മുഖ്യാതിഥിയായിരിന്നു. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി കെ. സജ്ജാദ്, സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി എന്നിവർ പ്രസംഗിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി നബീൽ രണ്ടത്താണി, വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻറ്സ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് മുനവ്വിർ സ്വലാഹി, സൽമാനുൽ ഫാരിസി, ജാബിർ വി. മൂസ, ആസാദ് പീരുമേട്, ബഷീർ കണ്ടത്തിൽ ആലപ്പുഴ, നിസാർ കരുനാഗപ്പള്ളി, സക്കീർ ഹുസൈൻ കോട്ടയം, നസീർ വള്ളക്കടവ്, നസീർ അൻവാരി, അബ്ദുല്ല മാഹീൻ, പി.പി സുലൈമാൻ വല്ലം എന്നിവർ സംസാരിച്ചു. ●

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

# എന്തുകൊണ്ട് മധ്യകാല ഇന്ത്യാചരിത്രം?



**പ്രൗഢ പാരമ്പര്യമുള്ള രാജ്യമാണ് ഇന്ത്യ. വർഗീയതയും അസഹിഷ്ണുതയും പെരുകിയ വർത്തമാനകാല സാഹചര്യത്തിൽ നിന്ന് രാജ്യത്തിന്റെ ഭൂതകാലത്തെ അപഗ്രഥിക്കുമ്പോൾ നഷ്ടബോധം തോന്നുക സ്വാഭാവികം. ചരിത്രരചയിതാക്കൾ ഭാരതീയ ചരിത്രത്തെ പ്രധാനമായും മൂന്നായി തരം തിരിച്ചിട്ടുണ്ട്. എന്നാൽ പൂർവ ചരിത്രത്തെയും ആധുനിക ചരിത്രത്തെയും മഹത്ത്വവൽക്കരിക്കുമ്പോൾ തന്നെ മധ്യകാല ചരിത്രം പലരും തമസ്കരിക്കുകയോ വക്രീകരിക്കുകയോ ചെയ്തതായി കാണം. എന്തുകൊണ്ട് മധ്യകാല ചരിത്രം വസ്തുനിഷ്ഠമായി ലഭ്യമാവുന്നില്ല? തുറന്ന അന്വേഷണം.**

സജ്ജാദ് ബിൻ അബ്ദുറസാക്
hikmadawah@gmail.com

പോയകാലത്തിന്റെ രേഖപ്പെടുത്തലും അതിനെക്കുറിച്ചുള്ള പഠനവുമാണ് 'ചരിത്രം' എന്ന മലയാള വാക്ക് കൊണ്ട് അർഥമാക്കുന്നത്. History എന്ന ഇംഗ്ലീഷ് വാക്കിന്റെ മലയാളമാണല്ലോ ചരിത്രം. ഒരുവന്റെ അന്വേഷണ പരീക്ഷണങ്ങളുടെ രേഖപ്പെടുത്തൽ എന്നർഥം വരുന്ന ഹിസ്റ്റോറിയാ (Historia) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഹിസ്റ്ററി എന്ന ഇംഗ്ലീഷ് പ്രയോഗം കടന്ന് വന്നത്.

പഠന സൗകര്യത്തിനായി സാധാരണ ഏതൊരു ചരിത്രത്തെയും വ്യത്യസ്ത ഭാഗങ്ങളാക്കി വേർതിരിക്കാറുണ്ട്. ഇന്ത്യാചരിത്രത്തെയും ഇത്പോലെ മൂന്ന് ഭാഗങ്ങളാക്കി വേർതിരിച്ചിട്ടുണ്ട്; പൗരാണികം (Ancient), മധ്യകാലം (Mideaval), ആധുനികം (modern) എന്നിങ്ങനെ.

എന്നാൽ ഈ വിഭജനത്തിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യൻ ചരിത്രത്തെ മൂന്ന് ഭാഗങ്ങളായി 'സംസ്കാര'ങ്ങളുടെ പേരിൽ ചിലർ വേർതിരിച്ചിട്ടുണ്ട്. പൗരാണിക ഇന്ത്യയെ 'ഹിന്ദുസംസ്കാരം' (Hindu Civilization) എന്നും മധ്യകാല ഇന്ത്യയെ 'മുസ്‌ലിം സംസ്കാരം' (Muslim Civilization) എന്നും ആധുനിക ഇന്ത്യയെ 'ബ്രിട്ടീഷ് സംസ്കാരം' (British Civilization) എന്നും അവർ വേർതിരിച്ചു. പ്രയോജനാവാദിയായ ജയിംസ് മിൽ ആണ് ഇത്തരത്തിൽ വർഗീയമായി ഇന്ത്യാ ചരിത്രത്തെ വേർതിരിച്ചത്. അദ്ദേഹത്തിന്റെ 'ദ ഹിസ്റ്ററി ഓഫ് ബ്രിട്ടീഷ് ഇന്ത്യ' എന്ന പുസ്തകമാണ് അറിയപ്പെട്ട, ആദ്യത്തെ ഇന്ത്യാ ചരിത്രം വിശദീകരിക്കുന്ന പുസ്തകം എന്നത് കൂടി നമ്മൾ കൂട്ടിവായിക്കുക.

ഇന്ത്യാ ഉപഭൂഖണ്ഡത്തെ മൊത്തത്തിൽ നിരീക്ഷിക്കുന്ന ഒരു മതേതര ചരിത്രകാരന് ഇത്തരത്തിലൊരു വിഭജനം ഉൾക്കൊള്ളാൻ തന്നെ കഴിയില്ല എന്നാണ് അറിയപ്പെടുന്ന ചരിത്ര വിചക്ഷണയായ റോമില ഥാപ്പർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

ഇന്ത്യാ ചരിത്രത്തിൽ ഏറെ തെറ്റിദ്ധരിപ്പിക്കപ്പെട്ടത് മധ്യകാല ഇന്ത്യാചരിത്രമാണ്. അതിന് കാരണമുണ്ട്; മധ്യകാല ഇന്ത്യാചരിത്രം മുസ്‌ലിം ഭരണം നിലനിന്നിരുന്ന കാലഘട്ടമായിരുന്നു!

### ഉപയോഗതാ ചരിത്ര രചനാ ശൈലി

മുസ്‌ലിംകൾ ഇന്ത്യ ഭരിച്ച കാലത്ത് ക്ഷേത്ര ധ്വംസനങ്ങളും നിർബന്ധ മതപരിവർത്തനവും നിലനിന്നിരുന്നു എന്ന കള്ളക്കഥകൾ പ്രചരിപ്പിച്ച്, ബ്രിട്ടീഷുകാരന്റെ പഴകിപ്പുളിച്ച ഉപയോഗതാ ചരിത്ര രചനാ ശൈലി കടമെടുത്ത് മധ്യകാല ഇന്ത്യാചരിത്രത്തെ പ്രതിക്കൂട്ടിൽ നിർത്താൻ ചിലർ ശ്രമിക്കാറുണ്ട്.

മുസ്‌ലിം രാജാക്കന്മാരായിരുന്ന ഔറംഗസീബും ടിപ്പു സുൽത്താനുമെല്ലാം ക്ഷേത്ര ധ്വംസകരും നിർബന്ധ മതപരിവർത്തനത്തിന് നേതൃത്വം നൽകിയവരുമായിരുന്നു എന്ന കള്ളം പടച്ചുവിട്ട് ചരിത്രത്തെ വക്രീകരിച്ച് തന്നിഷ്ടങ്ങൾക്ക് അനുകൂലമാക്കാനുള്ള ഗൂഢശ്രമമാണിവർ നടത്തുന്നത്. യഥാർഥത്തിൽ അവർ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്നവരാണ്. ക്ഷേത്ര ധ്വംസനത്തിന്റെ ഇല്ലാക്കഥകൾ പ്രചരിപ്പിക്കുന്ന ഇവർ ക്ഷേത്രങ്ങൾക്ക് ഭൂസ്വത്തുക്കളും ജാഗീറും നൽകിയ ഔറംഗസീബിനെയും ടിപ്പു സുൽത്താനെയും തമസ്കരിക്കുകയാണ് ചെയ്യുന്നത്.

ടിപ്പുവും ഔറംഗസീബുമെല്ലാം ക്ഷേത്ര ധ്വംസകരായിരുന്നു എന്ന് പാഠപുസ്തകങ്ങളിലൂടെ പോലും പരിചയപ്പെടുത്തുക. അതിലൂടെ അവർക്ക് വലിയൊരു ലക്ഷ്യമുണ്ട്. ഈ വികല ചരിത്രം പഠിക്കുന്ന ഒരു വിദ്യാർഥി സ്വാഭാവികമായും ചിന്തിക്കും; മുസ്‌ലിം ഭരണം ഇന്ത്യയിൽ നിലനിന്നിരുന്ന കാലത്ത് ഇതായിരുന്നു അവസ്ഥയെങ്കിൽ ഒരു മുസ്‌ലിം ഇനിയും അധികാര പദവിയിൽ എത്തിക്കഴിഞ്ഞാൽ ഇത് തന്നെയായിരിക്കും ആധുനിക ഇന്ത്യയിലും സംഭവിക്കുക എന്ന്. ഉപയോഗത ചരിത്ര രചനാ ശൈലിയുടെ ഒരു ഉദാഹരണം മാത്രമാണിത്.

വ്യക്തിജീവിതത്തിൽ പരമാവധി സൂക്ഷ്മത പാലിച്ച് ജീവിച്ച, പൊതുമുതലിൽ നിന്ന് പണം അപഹരിക്കാതെ, രാജ്യത്തിന്റെ സ്വത്ത് കോർപ്പറേറ്റ് ഭീമന്മാർക്ക് തീറെഴുതിക്കൊടുക്കാതെ, രാജ്യത്തിന് വൻകിടക്കാരിൽനിന്ന് കിട്ടാനുള്ള പണം എഴുതിത്തള്ളാതെ, ഭരണത്തിലിരിക്കുമ്പോഴും തൊപ്പി തുന്നിയും ക്വുർആൻ പകർത്തി എഴുതി



യും ലളിതജീവിതം നയിച്ച ഔറംഗസീബിന്റെ സുന്ദരമായ ജീവിതം സുന്ദരമായ ശൈലിയിൽ ആലേഖനം ചെയ്ത് അവസാനം അദ്ദേഹത്തെ ക്ഷേത്ര ധ്വംസകനും നിർബന്ധ മതപരിവർത്തകനും കൂടി ആക്കിയിട്ട് പാഠം അവസാനിപ്പിക്കും.

അതോട് കൂടി ഈ ചരിത്രം പഠിക്കുന്ന ഒരു വിദ്യാർഥി തന്റെ മനസ്സിൽ കൊത്തിവയ്ക്കും; മതബോധത്തോട് കൂടി ജീവിക്കുന്ന ഏതൊരു മുസ്‌ലിമിന്റെയും അവസ്ഥ ഇതു തന്നെ എന്ന്! അവരൊക്കെ ക്ഷേത്ര ധ്വംസനം പോലുള്ള കാര്യങ്ങൾ ലക്ഷ്യം വെക്കുന്നവരും അന്യമതക്കാരോട് വിദ്വേഷം വെച്ച് പുലർത്തുന്നവരുമായിരിക്കും എന്ന്!

ഒരു ചരിത്ര വിദ്യാർഥിയുടെ മനസ്സിൽ അത്തരത്തിലുള്ള ചിന്തകൾ അങ്കുരിക്കുന്നിടത്ത് 'ഉപയോഗത ചരിത്ര രചനാ ശൈലി' വിജയിച്ചു തുടങ്ങുന്നു.

**ഔറംഗസീബ് ക്ഷേത്ര ധ്വംസകനോ?**

തങ്ങളുടെ സാമ്രാജ്യത്തിന്റെ വികസനത്തിന്റെ ഭാഗമായി ഒരു പക്ഷേ, രാജാക്കന്മാർക്ക് ആരാധനാലയങ്ങൾ പൊളിക്കേണ്ടി വന്നിരിക്കും. സാമ്രാജ്യത്തിന്റെ വികസനത്തിനായി ക്ഷേത്രങ്ങൾ നശിപ്പിച്ച ഹിന്ദു രാജാവായിരുന്നു ഹർഷവർധനൻ. ക്ഷേത്രങ്ങൾ നശിപ്പിച്ച് ഭരണം സ്ഥാപിച്ച ആളായിരുന്നു ഔറംഗസീബ് എന്ന് തെറ്റിദ്ധരിപ്പിക്കുന്നവർ അതിന് ആധികാരികമായ തെളിവുകളൊന്നും ഹാജറാക്കുന്നില്ല. ഔറംഗസീബിനെ ക്ഷേത്ര ധ്വംസകനാക്കി ചിത്രീകരിക്കാൻ ശ്രമിക്കുന്നവർക്ക് അല്ലാമാ ശിബിലി നൽകിയ മറുപടി ഇ. മൊയ്തു മൗലവി അദ്ദേഹത്തിന്റെ ഔറംഗസീബ് എന്ന പുസ്തകത്തിൽ ഉദ്ധരിക്കുന്നുണ്ട്. ആ ഭാഗം കാണുക:

"25 വർഷം ആലംഗീർ ചക്രവർത്തി ഡെക്കാൻ മണ്ണിൽ താമസിക്കുകയുണ്ടായി. നൂറുകണക്കിനായ ക്ഷേത്രങ്ങളും ആരാധനാലയങ്ങളും ഉൾകൊള്ളുന്ന പ്രദേശമാണ് ഡെക്കാൻ. അവിടെയുള്ള ഒരൊറ്റ ക്ഷേത്രം പോലും ഔറംഗസീബ് തകർത്തതായി തെളിവില്ല. ആൾവാറിൽ നിന്ന് രണ്ട് മൈൽ അകലെയുള്ള ഒരു സ്ഥലത്താണ് ഔറംഗസീബ് കബറടക്കപ്പെട്ടത്.അവിടെ വേറെയും മുസ്‌ലിം രാജാക്കന്മാരുടെ കബറിടങ്ങളുണ്ട്. ആൾവാറിൽ അറിയപ്പെടുന്ന ഒരു ക്ഷേത്രവും അതിൽ ഒരുപാട് വിഗ്രഹങ്ങളുമുണ്ട് . അവയെല്ലാം ഇന്നും അവിടെതന്നെയുണ്ട്. ഒന്നും നശിപ്പിക്കപ്പെട്ടിട്ടില്ല..."(ഔറംഗസീബ്: ഇ.മൊയ്തു മൗലവി, പേജ് 126,127).

**വ്യക്തിജീവിതത്തിൽ പരമാവധി സൂക്ഷ്മത പാലിച്ച് ജീവിച്ച, പൊതുമുതലിൽ നിന്ന് പണം അപഹരിക്കാതെ, രാജ്യത്തിന്റെ സ്വത്ത് കോർപ്പറേറ്റ് ഭീമന്മാർക്ക് തീറെഴുതിക്കൊടുക്കാതെ, രാജ്യത്തിന് വൻകിടക്കാരിൽനിന്ന് കിട്ടാനുള്ള പണം എഴുതിത്തള്ളാതെ, ഭരണത്തിലിരിക്കുമ്പോഴും തൊപ്പി തുന്നിയും ക്വുർആൻ പകർത്തി എഴുതിയും ലളിതജീവിതം നയിച്ച ഔറംഗസീബിന്റെ സുന്ദരമായ ജീവിതം സുന്ദരമായ ശൈലിയിൽ ആലേഖനം ചെയ്ത് അവസാനം അദ്ദേഹത്തെ ക്ഷേത്ര ധ്വംസകനും നിർബന്ധ മതപരിവർത്തകനും കൂടി ആക്കിയിട്ട് പാഠം അവസാനിപ്പിക്കും. അതോട് കൂടി ഈ ചരിത്രം പഠിക്കുന്ന ഒരു വിദ്യാർഥി തന്റെ മനസ്സിൽ കൊത്തിവയ്ക്കും; മതബോധത്തോട് കൂടി ജീവിക്കുന്ന ഏതൊരു മുസ്‌ലിമിന്റെയും അവസ്ഥ ഇതു തന്നെ എന്ന്!**

**ജിസ്‌യ**

നേരത്തെ നാം സൂചിപ്പിച്ച പോലെ, ഇന്ത്യാ ചരിത്രത്തിൽ ഏറെ തെറ്റിദ്ധരിപ്പിക്കപ്പെട്ടത് മധ്യകാല ഇന്ത്യാ ചരിത്രമാണ്. അതിൽ തന്നെ ഏറെ തെറ്റിദ്ധാരണകൾക്ക് വിധേയരായ മുസ്‌ലിം ഭരണാധികാരികളാണ് ഔറംഗസീബ്, ടിപ്പു സുൽത്താൻ തുടങ്ങിയവർ. ഇവരോട് വിദ്വേഷം വെച്ച് പുലർത്താൻ മാത്രം ഇത്തരക്കാർക്ക് ചില കാരണങ്ങളുമുണ്ട്; അവയെല്ലാം വിശദമായി ചർച്ച ചെയ്യേണ്ട മറ്റൊരു മേഖലയാണ്. അതിന് ഇവിടെ മുതിരുന്നില്ല.

ഇസ്‌ലാമിന്റെ ശത്രുക്കൾ പലപ്പോഴും ഇസ്‌ലാം വിമർശനത്തിനായി എടുത്തുദ്ധരിക്കാറുള്ള ഒന്നാണ് ജിസ്‌യയുമായി ബന്ധപ്പെട്ട ചർച്ചകൾ.

ഇസ്‌ലാമിലെ ചില സാങ്കേതിക പ്രയോഗങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഉപയോഗിക്കുന്ന പോലെത്തന്നെ വിമർശകർ ഉപയോഗിച്ച് നോക്കാറുള്ള ഒരു അറബി സാങ്കേതിക പദമാണ് 'ജിസ്‌യ' എന്നതും.

എന്താണ് ജിസ്‌യ എന്നും എന്തല്ല ജിസ്‌യ എന്നും വിശദീകരിക്കേണ്ടതുണ്ട്. പാഠപുസ്തകങ്ങളിൽ പോലും ജിസ്‌യ പരിചയപ്പെടുത്തപ്പെട്ടിട്ടുള്ളത് ശരിയായ രീതിയിലല്ല. ഒരു ഉദാഹരണം കാണുക:

"മുസ്‌ലിം രാജാക്കന്മാർ ഇന്ത്യ ഭരിച്ചപ്പോൾ ഇസ്‌ലാം സ്വീകരിച്ചിട്ടില്ലാത്ത ഇവിടുത്തെ അമുസ്‌ലിംകളിൽ നിന്ന് അവർ തലവരി വസൂലാക്കി."

ഇത് വായിക്കുന്ന ആരാണ് തെറ്റിദ്ധരിക്കാതിരിക്കുക?

ഇസ്‌ലാം സ്വീകരിക്കാത്ത അമുസ്‌ലിം സഹോദരങ്ങളിൽ നിന്ന് മുസ്‌ലിം രാജാക്കന്മാർ ഈടാക്കിയിരുന്ന നികുതിയാണോ യഥാർഥത്തിൽ ജിസ്‌യ? അല്ല, അതല്ല ജിസ്‌യ! പിന്നെ എന്താണ് ജിസ്‌യ?

ഒരു രാജ്യം ഇസ്‌ലാമിക രാജ്യമായിത്തീരുമ്പോൾ അവിടെ ജീവിക്കുന്ന അമുസ്‌ലിം സഹോദരങ്ങൾ നിർബന്ധ മതപരിവർത്തനത്തിന് വിധേയമാക്കപ്പെടുന്ന പതിവ് ഉണ്ടായിരുന്നില്ല. ഉണ്ടെന്ന് പറയുന്നതിൽ കഴമ്പില്ല. ഇസ്‌ലാമിക രാജ്യത്ത് ജീവിക്കുന്ന അന്യമതസ്ഥർ അവിടുത്തെ മുസ്‌ലിം ഭരണകൂടത്താൽ സരക്ഷണം ഉറപ്പ് വരുത്തപ്പെട്ട ആളുകളായിരിക്കും. അവരാണ് ദിമ്മികൾ എന്ന പേരിൽ അറിയപ്പെടുന്നത്.

അവർ അവരുടെ മതമനുസരിച്ച് അവിടെ ജീവിക്കുന്നു. അവരുടെ ആചാരാനുഷ്ഠാനങ്ങളും മതസ്വാതന്ത്രവുമെല്ലാം അവർക്ക് വകവെച്ച് നൽകുന്നു. അവയെല്ലാം സരക്ഷിക്കേണ്ട ഉത്തരാവാദിത്തംഅവിടുത്തെ മുസ്‌ലിം ഭരണകൂടത്തിനാണ്. തങ്ങളുടെ സംരക്ഷണച്ചുമതല ഏറ്റെടുത്ത ഭരണകൂടത്തിന് ദിമ്മികൾ നൽകിയിരുന്ന നികുതിയായിരുന്നു ജിസ്‌യ. സംരക്ഷണം ഉറപ്പ് നൽകാൻ കഴിയാത്ത സാഹചര്യങ്ങളിൽ വാങ്ങിച്ച ജിസ്‌യ തിരിച്ച് കൊടുത്തിരുന്നു എന്ന് പോലും ഡോ. തരാചന്ദിനെപ്പോലെയുള്ള ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നുണ്ട്.

വൃദ്ധന്മാർ, സ്ത്രീകൾ, കുട്ടികൾ, സന്ന്യാസിമാർ, വികലാംഗർ, പണ്ഡിതന്മാർ, ബുദ്ധിമാന്ദ്യം ബാധിച്ചവർ തുടങ്ങിയവരെല്ലാം ജിസ്‌യയുടെ പരിധിയിൽ നിന്നും മാറ്റിനിർത്തപ്പെട്ടവരായിരുന്നു എന്ന വസ്തുത ബ്രിട്ടിഷുകാർ പോലും സമ്മതിച്ചിരുന്നതാണ്. ഈ വിഭാഗങ്ങളെ മാറ്റിനിർത്തിയാൽ പിന്നെ ബാക്കിയാവുന്നത് നല്ല ആരോഗ്യമുള്ള യുവാക്കളായിരിക്കും.

ആരോഗ്യമുണ്ടായിട്ടും യുദ്ധത്തിനോ പ്രധിരോധ പ്രവർത്തനങ്ങൾക്കോ പോകേണ്ട ആവശ്യമില്ലാത്തവർ രാജ്യത്ത് സ്വസ്ഥതയോട് ജീവിക്കുമ്പോൾ അവരുടെ സംരക്ഷണം പോലും നോക്കുന്നത് രാജ്യത്തെ ഭരണകൂടമാണ്. അവർ ജിസ്‌യ കൊടുക്കുന്നതിൽ എന്ത് അനീതിയാണുള്ളത്?

ഇനി ജിസ്‌യയെ ഒരു മത നികുതിയായി കണ്ടാൽ പോലും അതൊരിക്കലും അമുസ്‌ലിം സഹോദരങ്ങളോട് കാണിക്കുന്ന അനീതിയാകുന്നില്ല. കാരണം മുസ്‌ലിംകൾ അവരുടെ നിർബന്ധ ദാനമായ സകാത്തും ഐഛികദാനധർമങ്ങളും നൽകുമ്പോൾ സംരക്ഷണം വാഗ്ദാനം ചെയ്യപ്പെട്ട അവിടുത്തെ അമുസ്‌ലിംകൾ ജിസ്‌യ നൽകുന്നു. അതൊരിക്കലും അവരോടുള്ള അനീതിയല്ല എന്ന് ഹെർബൻസ് മുഖിയ അദ്ദേഹത്തിന്റെ medival indian history and communal approach എന്ന തലക്കെട്ടിൽ അദ്ദേഹം എഴുതിയ ഒരു ലേഖനത്തിൽ കുറിക്കുന്നുണ്ട് (ഉദ്ധരണം: ഫാഷിസം വളരുന്ന വഴി, എം.എം.അക്ബർ).

എന്ത്കൊണ്ട് മധ്യകാല ഇന്ത്യാ ചരിത്രം മാത്രം ഇത്രയധികം തെറ്റിദ്ധാരണകൾക്ക് വിധേയമായി? ഉത്തരം വ്യക്തമാണ്! ആ കാലഘട്ടത്തിലെ ഭരണചക്രം തിരിച്ചത് മുസ്‌ലിം ഭരണാധികാരികളാണ് എന്നത്കൊണ്ട് തന്നെ.

എന്നാൽ മുൻവിധികളില്ലാതെ ചരിത്രത്തെ വായിക്കുന്ന ആർക്കും അവ്യക്തത കാണാൻ കഴിയില്ല. കാരണം ആധികാരികമായ രൂപത്തിൽ ഈ പറയപ്പെട്ട കാര്യങ്ങളെല്ലാം ചരിത്രത്തിൽ കൊത്തിവെക്കപ്പെട്ടിട്ടുണ്ട്. മുസ്‌ലിം ഭരണം ഇവിടെ നിലനിന്നിരുന്ന കാലത്ത് വിമർശകർ പറയുന്നപോലെ നിർബന്ധ മതപരിവർത്തനങ്ങളോ ക്ഷേത്ര ധ്വംസനങ്ങളോ പീഡനങ്ങളോ ഒന്നും നടന്നിട്ടില്ല. സ്വാർഥതാൽപര്യങ്ങൾക്ക് വേണ്ടി, ഷോവനിസ്റ്റുകളുടെ കൂലിയെഴുത്തുകാരായ ചില ചരിത്രകാരന്മാരല്ലാതെ സത്യസന്ധരായ മതേതര ചരിത്രകാരന്മാരിൽ ഒരാളും ഇത്തരത്തിൽ കാര്യങ്ങളെ വളച്ചൊടിച്ചതായി കാണാൻ സാധ്യമല്ല.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക, അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു" (ക്വുർആൻ 5:8).

ഇമാം ജലാലുദ്ദീൻ അബ്ദുർറഹ്മാൻ സുയൂത്തി



# ഹദീഥ് സംരക്ഷണത്തിൽ പൂർവികരുടെ ത്യാഗപരിശ്രമങ്ങൾ

**ബു**ഖാരി അബൂദർറിؓൽ നിന്ന് ഉദ്ധരിക്കുന്നു: "നിങ്ങൾ വാൾ ഇവിടെ വെക്കുകയും (എന്നിട്ടദ്ദേഹം തന്റെ പിരടിയിലേക്ക് ചൂണ്ടി) ശേഷം നബിﷺയിൽ നിന്ന് ഞാൻ കേട്ട ഒരു വചനം നഷ്ടപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുകയും ചെയ്താൽ. നിങ്ങളെന്നെ 'യാത്രയാക്കുന്നതി'ന് മുമ്പ് ഞാനത് സംരക്ഷിക്കുന്നതാണ്" (ബുഖാരി, കിതാബുൽ ഇൽമ്; ദാരിമി, മുക്വദ്ദിമ).

ബിശ്റുബ്നു അബ്ദില്ലാؓയിൽ നിന്ന് ദാരിമി ഉദ്ധരിക്കുന്നു: "ഒരു ഹദീഥിനു വേണ്ടി ഒരു നാട്ടിലേക്ക് യാത്ര പോകേണ്ടി വന്നാലും ഞാനത് ചെയ്യുമായിരുന്നു."

സഈദുബ്നു ജുബൈറിؓൽ നിന്നും ഉദ്ധരിക്കുന്നു: അദ്ദേഹം ഒരിക്കൽ നബിﷺയുടെ ഒരു ഹദീഥ് പറയുകയായിരുന്നു. അപ്പോൾ ഒരാൾ അദ്ദേഹത്തോടു പറഞ്ഞു: 'അല്ലാഹുവിന്റെ കിതാബിലുള്ളത് ഇതിന് എതിരാണല്ലോ.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ താങ്കളോട് നബിﷺയിൽ നിന്ന് ഹദീഥ് പറയുകയും താങ്കളത് കുർആനുമായി ഒത്തുനോക്കുകയും ചെയ്യുന്നതിനെ നല്ലതായി ഞാൻ കാണുന്നില്ല. നബിﷺ താങ്കളെക്കാൾ അല്ലാഹുവിന്റെ കിതാബ് നന്നായി അറിയുന്നവനായിരുന്നു.' ഇത് ഞാൻ (സുയൂത്വി) ദാരിമിയുടെ മുസ്നദിൽ നിന്നെടുത്തതാണ്.

ലാലകാഇയുടെ 'അസ്സുന്ന' എന്ന ഗ്രന്ഥത്തിൽ നിന്നും ഈ ആശയത്തിൽ വന്ന ഏതാനും റിപ്പോർട്ടുകൾ: ഉബയ്യ്ബ്നു കഅബി﵁ൽ നിന്ന് തന്റെ സനദിലൂടെ അദ്ദേഹം ഉദ്ധരിക്കുന്നു: "സുന്നത്തിന് വിരുദ്ധമായ കഠിനപ്രയത്നത്തെക്കാൾ എത്രയോ ഉത്തമമാണ് സുന്നത്തിൽ മിതത്വം പാലിക്കൽ."

അബുദ്ദർദാഅ്﵁വിൽ നിന്നും ഇതേപോലെ ഉദ്ധരിക്കുന്നുണ്ട്.

ഇബ്നു അബ്ബാസി﵁ൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: "സുന്നത്തിന്റെ വക്താക്കളിൽപെട്ട ആളെ അന്വേഷിക്കുന്നതും സുന്നത്തിലേക്ക് ക്ഷണിക്കുന്നതും ബിദ്അത്ത് വിലക്കുന്നതും ഇബാദത്താണ്."

ഇബ്നു അബ്ബാസ്﵁ൽ നിന്ന് ഉദ്ധരിക്കുന്നു: "അല്ലാഹുവാണെ സത്യം! ഇന്ന് ഭൂമുഖത്തുള്ളവരിൽ വെച്ച് എന്റെ നാശമായിരിക്കും പിശാചിന് ഏറ്റവും ഇഷ്ടമുള്ളത്." അദ്ദേഹത്തോട് ചോദിച്ചു: "എന്തുകൊണ്ട്?" അദ്ദേഹം പറഞ്ഞു: "കാരണം അവൻ കിഴക്കോ പടിഞ്ഞാറോ ഒരു ബിദ്അത്തുണ്ടാക്കും. അതുമായി ആളുകൾ എന്റെ അടുത്തെത്തിയാൽ സുന്നത്തുകൊണ്ട് ഞാനതിനെ തരിപ്പണമാക്കും. അങ്ങനെ അത് അവനുണ്ടാക്കിയ നിലയിൽ തന്നെ അവനിലേക്ക് തന്നെ മടങ്ങും."

അബുൽ ആലിയയിൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു: "നിങ്ങൾ നിങ്ങളുടെ പ്രവാചകന്റെ ചര്യയും അദ്ദേഹത്തിന്റെ അനുചരന്മാർ നിലകൊണ്ട മാർഗവും മുറുകെ പിടിക്കുക."

ഹസൻ﵁വിൽ നിന്നും ഉദ്ധരിക്കുന്നു: "ഒരു വാക്കും പ്രവൃത്തിയുടെ അഭാവത്തിൽ നന്നല്ല. നിയ്യത്തില്ലാതെ വാക്കും പ്രവൃത്തിയും നന്നാവില്ല. വാക്കും പ്രവൃത്തിയും നിയ്യത്തും സുന്നത്തുകൊണ്ടല്ലാതെ ശരിയാവുകയുമില്ല."

സഈദുബ്നുജുബൈറി﵁ൽ നിന്നും ഉദ്ധരിക്കുന്നു: "പ്രവർത്തനമില്ലാത്ത വാക്ക് സ്വീകരിക്കപ്പെടുകയില്ല. വാക്കും പ്രവൃത്തിയും നിയ്യത്തില്ലാതെയും സ്വീകരിക്കപ്പെടുകയില്ല. വാക്കും പ്രവൃത്തിയും നിയ്യത്തും സുന്നത്തിനോടു യോജിച്ചു വന്നാലല്ലാതെ സ്വീകരിക്കപ്പെടുകയില്ല."

ഹസനുൽബസ്രിയിൽ നിന്നും ഉദ്ധരിക്കുന്നു. "അല്ലയോ സുന്നത്തിന്റെ വക്താക്കളേ, നിങ്ങൾ ആളുകളിലേക്ക് വ്യാപരിക്കുക, കാരണം നിങ്ങൾ ന്യൂനപക്ഷമാണ്."

യൂനുസുബ്നു ഉബൈദിൽ നിന്നും ഉദ്ധരിക്കുന്നു: "സുന്നത്തിനെക്കാൾ അപരിചിതമായൊന്നുമില്ല. അതിനോട് അപരിചിതത്വം പുലർത്തിയത് അതിനെ മനസ്സിലാക്കാത്തവരാണ്."

ഇബ്നു ശൗദബിൽനിന്നും റിപ്പോർട്ടു ചെയ്യുന്നു: "ഒരു യുവാവിന് ലഭിക്കുന്ന മികച്ച നേട്ടമാണ് അയാൾ ഹജ്ജ് ചെയ്യുമ്പോൾ സുന്നത്തറിയുന്ന ഒരാളെ അയാളുടെ കൂടെ കിട്ടുക എന്നത്."

ഇബ്നു ഔഫിൽനിന്നും ഉദ്ധരിക്കുന്നു. "മൂന്ന് കാര്യങ്ങൾ എനിക്കും എന്റെ സ്നേഹിതന്മാർക്കും ഞാൻ ഇഷ്ടപ്പെടുന്നു. ക്വുർആനും സുന്നത്തും പഠിക്കലും അനാവശ്യങ്ങളിൽ ജനങ്ങളിൽ നിന്നും തിരിഞ്ഞു കളയലും."

ഔസാഇയിൽ നിന്നും ഉദ്ധരിക്കുന്നു: "സുന്നത്ത് ചരിക്കുന്നതനുസരിച്ച് നീയും ചരിക്കുക."

"നബിﷺയുടെ സ്വഹാബത്തും നന്മയിൽ അവരെ പിൻപറ്റിയവരും അഞ്ചു കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നുവെന്ന് പറയാറുണ്ട്. സുന്നത്ത് പിൻപറ്റലും സംഘത്തോടുകൂടെ നിൽക്കലും പള്ളി പരിപാലിക്കലും ക്വുർആൻ പാരായണവും അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദും."

ഫുദൈലുബ്നു ഇയാദിൽ നിന്നും ഉദ്ധരിക്കുന്നു: "നാടുകൾ ജീവസ്സുറ്റതാക്കുന്ന അല്ലാഹുവിന്റെ ചില ദാസന്മാരുണ്ട്, അവരത്രെ സുന്നത്തിന്റെ ആളുകൾ."



ഇബ്നു ഔഫിൽ നിന്നും ഉദ്ധരിക്കുന്നു: "ആരെങ്കിലും ഇസ്‌ലാമിലും സുന്നത്തിലുമായിക്കൊണ്ട് മരണപ്പെട്ടാൽ അയാൾക്ക് സർവ നന്മകൾ കൊണ്ടുമുള്ള സന്തോഷ വാർത്തയുണ്ട്."

ഹസൻؓവിൽ നിന്നും: "നബിയേ, പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ആലുഇംറാൻ:31) എന്ന ആയത്തിന്റെ വിവരണത്തിൽ ഇപ്രകാരം ഉദ്ധരിക്കുന്നു: "അവർക്ക് അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ അടയാളമാണ് നബിﷺയുടെ സുന്നത്ത് അവർ പിൻപറ്റുക എന്നത്."

"ചില മുഖങ്ങൾ വെളുക്കുകയും, ചില മുഖങ്ങൾ കറുക്കുകയും ചെയ്യുന്ന ഒരു ദിവസത്തിൽ. എന്നാൽ മുഖങ്ങൾ കറുത്തു പോയവരോട് പറയപ്പെടും: വിശ്വാസം സ്വീകരിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിക്കുകയാണോ ചെയ്തത്? എങ്കിൽ നിങ്ങൾ അവിശ്വാസം സ്വീകരിച്ചതിന്റെ ഫലമായി ശിക്ഷ അനുഭവിച്ചു കൊള്ളുക" (ആലുഇംറാൻ: 106).

'ചില മുഖങ്ങൾ പ്രകാശപൂരിതമാകുന്ന ദിവസം' എന്നതിനെക്കുറിച്ച് ഇബ്നു അബ്ബാസ്ؓവിൽ നിന്ന് ഇപ്രകാരം ഉദ്ധരിക്കുന്നു: "അതായത്, സുന്നത്തിന്റെ ആളുകളുടെ മുഖങ്ങൾ.' 'ചില മുഖങ്ങൾ കറുത്തിരുണ്ടിരിക്കും' അതായത്, 'ബിദ്അത്തിന്റെ ആളുകളുടെ മുഖങ്ങൾ."

അലാഉബ്നുൽ മുസയ്യബ് തന്റെ പിതാവിൽ നിന്നുദ്ധരിക്കുന്നു: "നമ്മൾ പിൻപറ്റുകയാണ് പുതുതായി ഉണ്ടാക്കുകയല്ല. സുന്നത്ത് അനുധാവനം ചെയ്യുകയല്ലാതെ ബിദ്അത്തുണ്ടാക്കുകയില്ല. നമ്മൾ ഹദീഥ് മുറുകെ പിടിക്കുന്നിടത്തോളം വഴിപിഴക്കുകയേയില്ല."

ശാദ്ദ്ബ്നു യഹ്‌യയിൽ നിന്നും ഉദ്ധരിക്കുന്നു: "സുന്നത്ത് പിൻപറ്റുന്നതിനെക്കാൾ സ്വർഗത്തിലേക്ക് വേറെ നല്ല എളുപ്പവഴി ഇല്ല."

അഹ്‌മദുബ്നു ഹമ്പലിൽ നിന്നും



ഉദ്ധരിക്കുന്നു: "നമ്മുടെയടുക്കൽ സുന്നത്ത് എന്നത് നബിﷺയുടെ കാൽപാടുകളാണ്. സുന്നത്ത് ക്വുർആനിന്റെ വിവരണവും അതിന്റെ അടയാളങ്ങളും വഴി കാട്ടിയുമാണ്."

ശൈഖ് നസ്ദുൽ മക്ദിസീയുടെ 'അൽഹുജ്ജത്തു അലാ താരികിൽ മഹജ്ജ' (തെളിഞ്ഞ വഴി ഉപേക്ഷിക്കുന്നവർക്കെതിരിലുള്ള തെളിവുകൾ) എന്ന ഗ്രന്ഥത്തിൽ നിന്നുള്ള ഏതാനും വാചകങ്ങളാണ് ചുവടെ:

അബുദ്ദർദാഅ്ؓൽ നിന്ന് തന്റെ സനദിലൂടെ അദ്ദേഹം (ശൈഖ് നസ്ർ) ഉദ്ധരിക്കുന്നു. നബിﷺ പറഞ്ഞു: "സുന്നത്തു നഷ്ടപ്പെടുന്നത് ഭയന്നുകൊണ്ട് രാവിലെയോ വൈകുന്നേരമോ സുന്നത്തന്വേഷിച്ചു പുറപ്പെടുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ (യുദ്ധത്തിന്) രാവിലെയും വൈകുന്നേരവും പുറപ്പെടുന്നവനെ പോലെയാണ്. അല്ലാഹു പഠിപ്പിച്ചുകൊടുത്ത വല്ല അറിവും ആരെങ്കിലും മറച്ചുവെച്ചാൽ അന്ത്യനാളിൽ തീയിനാലുള്ള ഒരു കടിഞ്ഞാൺ അല്ലാഹു അയാളെ ധരിപ്പിക്കുന്നതാണ്."

കഥീറുബ്നു അബ്ദില്ല തന്റെ പിതാവിൽ നിന്നും അദ്ദേഹം പിതൃവ്യനിൽ നിന്നുമായി ഉദ്ധരിക്കുന്നു. നബിﷺ പറഞ്ഞു: "നിശ്ചയം, ഇസ്‌ലാം അപരിചിതാവസ്ഥയിലാണ് ആരംഭിച്ചത്. അത് അപരിചിതാവസ്ഥയിലേക്ക് തന്നെ മടങ്ങുന്നതാണ്. അപ്പോൾ ആ അപരിചിതർക്ക് മംഗളം." നബിﷺയോട് ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ആരാണ് ആ അപരിചിതർ?" അവിടുന്ന് പറഞ്ഞു: "എന്റെ ശേഷം എന്റെ സുന്നത്തിനെ ജീവിപ്പിക്കുകയും അത് അല്ലാഹുവിന്റെ ദാസന്മാർക്ക് പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നവർ." (മുസ്‌ലിം 1/90, തിർമിദി 3/363, ഇബ്നു മാജ 2/1319, ദാരിമി 2/311, അഹ്‌മദ് 1/398. മജ്മഉസ്സവാഇദ് 7/8, മഖാസിദുൽ ഹസന 143, ജാമിഉൽകബീർ 1/458 എന്നിവ നോക്കുക).

നബിﷺ പറഞ്ഞതായി അബുദ്ദർദാഅ്ؓൽ നിന്ന് ഉദ്ധരിക്കുന്നു. നബിﷺ പറഞ്ഞു: "ആരെങ്കിലും എന്റെ ഉമ്മത്തിന് വേണ്ടി നാൽപത് ഹദീഥുകൾ സംരക്ഷിച്ചാൽ ഞാനയാൾക്ക് അന്ത്യനാളിൽ ശുപാർശകനാകുന്നതാണ്."

ജുനൈദിؓൽ നിന്നും ഉദ്ധരിക്കുന്നു: "നബിﷺയുടെ കാൽപാടുകൾ പിൻപറ്റുന്നവരോ പ്രവാചക വചനങ്ങൾ അനുധാവനം ചെയ്യുന്നവരോ അല്ലാത്ത സൃഷ്ടികൾക്കു മുമ്പിൽ സന്മാർഗ പാത അടക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറയുന്നു: "തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ ഉത്തമമായ മാതൃകയുണ്ട്..." (അൽ അഹ്സാബ്: 21).


അബ്ദുർറഹ്മാനുബ്നു മഹ്ദിയിൽ നിന്നുമുദ്ധരിക്കുന്നു: "ഒരാൾക്ക് തന്റെ ഭക്ഷണ പാനീയങ്ങളെക്കാൾ അത്യാവശ്യമാണ് ഹദീഥ് വിജ്ഞാനീയം. കാരണം ഹദീഥാണ് ക്വുർആനിനെ വിശദീകരിക്കുന്നത്."

ഇബ്നുൽ മുബാറക് ഇങ്ങനെ ഒരു ഹദീഥ് പറഞ്ഞു: "അന്ത്യനാൾ വരെ എന്റെ ഉമ്മത്തിൽ നിന്ന് ഒരു സംഘം സത്യത്തിലായിക്കൊണ്ടേയിരിക്കും. അവരെ എതിർക്കുന്നവർ അവർക്കൊരു ഉപദ്രവവും ഏൽപിക്കുകയില്ല." എന്നിട്ട് അദ്ദേഹം പറഞ്ഞു: 'അവർ ഹദീഥിന്റെ ആളുകളാണ്."

ഇബ്നുൽ മദീനിയിൽ നിന്നുമുദ്ധരിക്കുന്നു. മുകളിൽ പറഞ്ഞ ഹദീഥിനെ കുറിച്ച് അദ്ദേഹം പറയുന്നു: "അവർ ഹദീഥിന്റെ ആളുകളും നബിﷺയുടെ മദ്ഹബ് സ്വീകരിക്കുന്നവരും വിജ്ഞാനത്തെ സംരക്ഷിക്കുന്നവരുമാണ്. അവരില്ലായിരുന്നെങ്കിൽ ജഹ്മിയാക്കളും സ്വാഭിപ്രായക്കാരും മുർജിയാക്കളും റാഫിദികളും മുഅ്തസിലിയാക്കളുമെല്ലാം ജനങ്ങളെ നശിപ്പിച്ചു കളയുമായിരുന്നു."

ഇബ്നു മസ്ഊദിؓൽ നിന്നും അബൂദർറിؓൽ നിന്നും ഉദ്ധരിക്കുന്നു. നബിﷺ പറഞ്ഞു: "നിങ്ങൾക്കു പിന്നിൽ സഹനത്തിന്റെ നാളുകളാണുള്ളത്. അപ്പോൾ നിങ്ങൾ നിലകൊണ്ട മാർഗത്തെ അവലംബിക്കുന്നവർക്ക് അമ്പതു പേരുടെ പ്രതിഫലമുണ്ട്." അവർ (സ്വഹാബത്ത്) ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ഞങ്ങളിൽ നിന്നോ? അതല്ല, അവരിൽ നിന്നോ?" അവിടുന്ന് പറഞ്ഞു: "നിങ്ങളിൽ നിന്നു തന്നെ." (ശൈഖ് അൽബാനി ഈ റിപ്പോർട്ട് സ്വഹീഹാണെന്ന് പ്രസ്താവിക്കുന്നു. (സ്വഹീഹുത്തർഗീബ് 3172, സിൽസില സ്വഹീഹ: 494).

ഇമാം ബുഖാരിയിൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: "ഞങ്ങൾ മൂന്നോ നാലോ പേർ ഇബ്നു അബ്ദില്ലയുടെ വാതിൽക്കൽ നിൽക്കുകയായിരുന്നു. അപ്പോഴദ്ദേഹം പറഞ്ഞു: 'നിശ്ചയം എന്റെ ഉമ്മത്തിൽ നിന്നൊരു വിഭാഗം സത്യത്തിൽ തന്നെ ആയിക്കൊണ്ടേയിരിക്കും. അവരെ കയ്യൊഴിയുന്നവർ അവർക്ക് യാതൊരുപദ്രവും ഏൽപിക്കുകയില്ല' എന്ന ഈ ഹദീഥിന്റെ വിവക്ഷ നിങ്ങൾ തന്നെയായിരിക്കുമെന്ന് ഞാൻ കരുതുന്നു. കാരണം, കച്ചവടക്കാർ കച്ചവടവുമായും തൊഴിലാളികൾ തൊഴിലുമായും രാജാക്കന്മാരും ഭരണാധികളും അവരുടെ അധികാരവുമായും വ്യാപൃതരായിരിക്കുകയാണ്. നിങ്ങളാകട്ടെ, നബിﷺയുടെ സുന്നത്ത് ജീവിപ്പിക്കുകയും ചെയ്യുന്നു."



ഇമാം അഹ്മദ് തന്റെ 'സുഹ്ദി'ൽ ഉദ്ധരിക്കുന്നു. ക്വതാദؓ പറഞ്ഞു: "അല്ലാഹുവാണെ സത്യം! സുന്നത്തിനെ ആർ വെറുത്തുവോ അവൻ നശിച്ചു. അതിനാൽ നിങ്ങൾ സുന്നത്ത് സ്വീകരിക്കുക. ബിദ്അത്തിനെ സൂക്ഷിക്കുക. നിങ്ങൾ അറിവു നേടുക. ഊഹാപോഹങ്ങളെ കയ്യൊഴിക്കുകയും ചെയ്യുക."

ഹാകിം 'മുസ്തദ്റകി'ൽ ഉദ്ധരിക്കുന്നു. അബ്ദുർറഹ്മാനുബ്നു അബ്സി പറയുന്നു: "ഉഥ്മാൻؓന്റെ പ്രശ്നത്തിൽ ആളുകൾ മുഴുകിയപ്പോൾ ഞാൻ ഉബയ്യ്ബ്നു കഅ്ബിؓനോട് ചോദിച്ചു. "എന്താണ് ഇതിനൊരു പരിഹാരം?" അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ കിതാബും നബിﷺയുടെ സുന്നത്തും. നിങ്ങൾക്ക് വ്യക്തമായതനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുക. നിങ്ങൾക്ക് സംശയമുണ്ടാക്കുന്നത് അതിനെ കുറിച്ചറിയുന്നവരിലേക്ക് ഏൽപിച്ചു കൊടുക്കുക." **(ആശയ സംഗ്രഹം).**

ഫൈസൽ അനന്തപുരി
mail@nerpatham.com



# അന്നം

**ഞാ**നും സുഹൃത്തും ഗവേഷണാർഥമാണ് കോളേജിൽ നിന്നും പുറത്തിറങ്ങിയത്. ആഴ്ചയിലെ ഒരേയൊരു അവധി ദിവസമായ വെള്ളിയാഴ്ചയെ ക്രിയാത്മകമായ രൂപത്തിൽ ഉപയോഗപ്പെടുത്താൻ ഞങ്ങൾ മുൻകൂട്ടി തീരുമാനിച്ചിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ലൈബ്രറിയായിരുന്നു ലക്ഷ്യസ്ഥാനം. രാവിലെ 11 മണിക്ക് തന്നെ ഞങ്ങൾ അവിടെയെത്തി. വിശാലമായ ക്യാമ്പസിന്റെ ഹൃദയഭാഗത്താണ് വിഖ്യാതമായ സി.എച്ച് ലൈബ്രറി. ഒന്നര മണിക്കൂറോളം ആ ഗ്രന്ഥാലയത്തിനുള്ളിൽ ഞങ്ങൾ നിർബാധം വിഹരിച്ചു. ഇതിനുള്ളിൽ കുറച്ചുകാലം താമസിക്കാനായെങ്കിൽ എന്ന് കൊതിച്ചുപോയി!

അനന്തരം ജുമുഅ നമസ്കാരത്തിനായി ഞങ്ങൾ കോഹിനൂർ ജംഗ്ഷനിലെ സലഫി മസ്ജിദിലെത്തി. നമസ്കാരം കഴിഞ്ഞ് വീണ്ടും യൂണിവേഴ്സിറ്റിയിലേക്ക് നടക്കവെ ഞാൻ സുഹൃത്തിനോട് പറഞ്ഞു: "അളിയാ, അതിശക്തമായ ജഠരാഗ്നി! ഒരു മൃഷ്ടാന്നഭോജനത്തിനെ പറ്റി എന്ത് പറയുന്നു?"

"ഈ ചോദ്യം തന്നെ ബാലിശമാണ്! ഫോളോ മീ" എന്ന ഡയലോഗും തട്ടിവിട്ട് അവൻ അതിവേഗം മുന്നോട്ടു ഗമിച്ചു. വളരെ പണിപ്പെട്ട് അവനോടൊപ്പമെത്താൻ ഞാൻ ശ്രമിച്ചു.

അങ്ങനെ അവൻ ചെന്ന് ബ്രേക്കിട്ടത് ബസ് സ്റ്റോപ്പിനു സമീപമുള്ള ഇന്ത്യൻ കോഫി ഹൗസിന്റെ മുന്നിലാണ്. ആദ്യം തന്നെ ഭക്ഷണത്തിനുള്ള ടോക്കണെടുത്ത് ഞങ്ങൾ തിരക്കൊഴിഞ്ഞ ഒരു മൂലയിൽ ചെന്നിരുന്നു. ഞങ്ങളുടെ തൊട്ടടുത്ത ടേബിളിൽ നിന്നും ഒരു കുടുംബം അപ്പോൾ എഴുന്നേറ്റതേയുള്ളൂ.

വെയ്റ്ററുടെ ആഗമനത്തിനായി അൽപനേരം കാത്തിരിക്കേണ്ടിവന്നു. അപ്പോഴാണ് അരികിലെ ടേബിളിലേക്ക് കൈയിലൊരു ടോക്കണുമായി ഒരാൾ വന്നത്; ശുഭ്ര വസ്ത്രധാരിയായ, തലയിൽ തൊപ്പിവച്ച ഒരാൾ. അവിടെയെത്തിയത് മുതൽ അദ്ദേഹം അടുത്തുള്ള ടേബിളിലേക്ക് സൂക്ഷിച്ചു നോക്കുന്നത് എന്റെ ശ്രദ്ധയിൽ പെട്ടു. അവിടേക്ക് നോക്കിയപ്പോൾ ഞാനും അത് കണ്ടു; ഒരു പ്ലേറ്റ് ബിരിയാണി, അൽപം മാത്രമെ അതിൽനിന്ന് കഴിച്ചിട്ടിട്ടുള്ളൂ. നേരത്തെ മടങ്ങിയ കുടുംബത്തിലെ ചെറിയ കുട്ടിക്ക് വേണ്ടി വാങ്ങിയതായിരിക്കാം. വളരെ കുറച്ചു മാത്രം കഴിച്ച് അത് ഒഴിവാക്കിയിരിക്കുന്നു!

താമസിയാതെ ടോക്കൺ വാങ്ങാനായി വെയ്റ്റർ ഞങ്ങൾക്കടുത്തെത്തി. ഞങ്ങളുടെ ടോക്കൺ വാങ്ങിയ ശേഷം അവൻ ആ ശുഭ്ര വസ്ത്രധാരിയുടെ അടുത്തേക്ക് പോയി. ഒരു നിമിഷത്തെ മൗനത്തിനു ശേഷം അദ്ദേഹം ടോക്കൺ ഏൽപിച്ചു കൊണ്ട് പറഞ്ഞു:

"ഇപ്പോൾ എനിക്ക് ഭക്ഷണം കൊണ്ടുവരേണ്ടതില്ല. ഞാൻ പറഞ്ഞതിനു ശേഷം കൊണ്ടുവന്നാൽ മതി.''

വെയ്റ്റർ അകത്തേക്ക് പോയി. വീണ്ടും ഞാൻ ആ വെള്ള വസ്ത്രക്കാരനെ ശ്രദ്ധിച്ചു. എന്തിനായിരിക്കും അയാൾ ഇപ്പോൾ ഭക്ഷണം കൊണ്ടുവരേണ്ട എന്ന് പറഞ്ഞത്? തൊട്ടടുത്ത മേശയിലുണ്ടായിരുന്ന ബാക്കിവച്ച ബിരിയാണിയുടെ പ്ലേറ്റ് അയാൾ എത്തിച്ചെടുക്കുന്നത് കണ്ട് ഞാൻ അത്ഭുതപ്പെട്ടു. അനന്തരം ആ പ്ലേറ്റിലുള്ള ഭക്ഷണം അയാൾ കഴിക്കാനാരംഭിച്ചു. അതിലുള്ള അവസാന വറ്റും അയാൾ തിന്നുതീർത്തു. ഗ്ലാസ്സിലെ വെള്ളം കുടിച്ച് അല്ലാഹുവിന് സ്തുതികളർപ്പിച്ചു കൊണ്ട് അദ്ദേഹം എഴുന്നേറ്റു. ഞങ്ങൾക്കരികിലൂടെ കടന്നുപോകുമ്പോൾ അദ്ദേഹം ഞങ്ങളെ നോക്കി ഹൃദ്യമായി മന്ദഹസിക്കുന്നുണ്ടായിരുന്നു.

അല്ലാഹു അക്ബർ! അത് വെറുമൊരു കാഴ്ചയായല്ല, കവിതയായാണ് തോന്നിയത്. തീരെ കണ്ടുപരിചയമില്ലാത്ത ആ രംഗം മനസ്സിലുണ്ടാക്കിയ ചലനം ചെറുതായിരുന്നില്ല.

സി.എച്ച്. ലൈബ്രറിയുടെ രണ്ടാം നിലയിലെ റഫറൻസ് സെക്ഷനിൽ പുസ്തകങ്ങൾ പരതുമ്പോൾ മനസ്സ് ആ കാഴ്ചയിലേക്ക് അറിയാതെ മടങ്ങി. അന്നത്തിന്റെ വിലയറിയുന്ന മാന്യൻ! കോടിക്കണക്കിനാളുകൾ ഈ ലോകത്ത് അരപ്പട്ടിണിയും മുഴുപ്പട്ടിണിയുമായി കഴിയുന്നു. ഒരു നേരത്തെ അന്നം പോലും അവർക്ക് കിട്ടാക്കനിയാണ്. മറുവശത്ത് ഒരു വിഭാഗം ധൂർത്തും ദുർവ്യയങ്ങളുമായി കഴിയുന്നു. മുന്തിയ തരം ഭക്ഷണങ്ങൾ ചവറ്റുകുട്ടയിലെറിഞ്ഞ് പാഴാക്കുന്നു.

"പിന്നീട് ആ ദിവസത്തിൽ സുഖാനുഭവങ്ങളെ പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും" എന്ന ക്വുർആൻ വചനം (102:8) വിശ്വാസികളുടെ മനസ്സിൽ നിലനിൽക്കേണ്ടതുണ്ട്. കുടിക്കാൻ ലഭിക്കുന്നത് ഒരു ഗ്ലാസ് വെള്ളമാണെങ്കിലും അതിന് നന്ദി കാണിക്കുവാൻ നാം ബാധ്യസ്ഥരാണെന്ന് തിരിച്ചറിയുക.


## സ്കൂൾ ഓഫ് ഖുർആൻ സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം


മതശിക്ഷണ രംഗത്ത് ചുരുങ്ങിയ കാലം കൊണ്ട് ഏറെ ശ്രദ്ധയാകർഷിച്ച സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജാമിഅ അൽഹിന്ദിന്റെ കീഴിൽ അഞ്ച് വർഷം മുമ്പ് തുടക്കം കുറിച്ച ഈ മഹദ് സംരംഭത്തിന് ഇപ്പോൾ 17 സെന്ററുകളും ഒരു റസിഡൻഷ്യൽ ക്യാമ്പസുമാണുള്ളത്. പ്രാദേശിക സെന്ററുകൾ വഴി അഞ്ച് വർഷം പൂർത്തിയായ പഠിതാക്കളിൽ നിന്ന് മികവ് തെളിയിച്ച വിദ്യാർഥികളെ തെരഞ്ഞെടുത്ത് രാജ്യാന്തര നിലവാരമുള്ള ഭൗതിക പഠന സൗകര്യങ്ങളോടൊപ്പം അഞ്ച് വർഷം കൊണ്ട് ക്വുർആൻ സമ്പൂർണമായി ഹൃദിസ്ഥമാക്കാൻ അവസരം നൽകിക്കൊണ്ട് സമൂഹത്തിന്റെ ഉന്നതരംഗങ്ങളിൽ ഉയർന്ന കാഴ്ചപ്പാടും ധാർമികബോധമുള്ള വിദഗ്ധരെ വളർത്തിയെടുക്കുകയാണ് സ്കൂൾ ഓഫ് ഖുർആൻ ലക്ഷ്യമിടുന്നത്.

ജാമിഅ നിർദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്താൽ അധ്യാപക നിയമനവും ട്രെനിംഗും ദൈനംദിന കാര്യങ്ങളും വേതനവുമടക്കം മുഴുവൻ ഹെഡ് ഓഫീസിൽ നിന്നും നിയന്ത്രിക്കുന്ന രീതിയിലാണ് സ്ഥാപനം ക്രമീകരിച്ചിരിക്കുന്നത്.

സെന്റർ സംബന്ധമായ വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും 9995588317 എന്ന നമ്പറിൽ ബന്ധപ്പെടുക.

School of Qur'an I Jamia Al-Hind Al-Islamiyya
Jamia Campus I Mini Ootty
Malappuram I Kerala I India I PIN 676519
www.schoolofquran.in I mail@schoolofquran.com

ശൈഖ് മുഹമ്മദുബ്നു സ്വാലിഹുബ്നു ഉഥൈമീൻ



# അല്ലാഹുവിന്റെ നാമ, ഗുണ വിശേഷണങ്ങൾ: അഹ്‌ലുസ്സുന്നയുടെ നിലപാട്

പ്രവൃത്തിയിലും വിശ്വാസത്തിലും നബി(സ)യുടെ സുന്നത്തിനെ പ്രത്യക്ഷവും പരോക്ഷവുമായ നിലയിൽ സ്വീകരിക്കുന്നതിൽ ഐക്യപ്പെട്ടവരാണ് അഹ്‌ലുസ്സുന്നത്തി വൽജമാഅ.

അല്ലാഹുവിന്റെ നാമ, വിശേഷണങ്ങളിൽ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസം താഴെ വരും പ്രകാരമാണ്.

ഒന്ന്) സ്ഥിരീകരണം: അതായത് അല്ലാഹു അവന്റെ ഗ്രന്ഥത്തിലോ അല്ലെങ്കിൽ അവന്റെ പ്രവാചകന്റെ നാവിലൂടെയോ തനിക്ക് ഉള്ളതായി സ്ഥിരീകരിച്ചവ തദനുസാരം അതിൽ വ്യാഖ്യാനങ്ങളോ നിരാകരണമോ രൂപസങ്കൽപമോ സാദൃശ്യപ്പെടുത്തലോ കൂടാതെ സ്ഥിരീകരിക്കുക.

രണ്ട്) നിഷേധം: അതായത് അല്ലാഹു അവന്റെ ഗ്രന്ഥത്തിലോ അല്ലെങ്കിൽ അവന്റെ പ്രവാചകന്റെ നാവിലൂടെയോ തന്റെമേൽ നിഷിദ്ധമായ നിഷേധ ഗുണങ്ങളെ നിഷേധിക്കുക. അതോടൊപ്പം അല്ലാഹുവിന് നിഷിദ്ധമായ നിഷേധ ഗുണങ്ങൾക്ക് എതിരായ ഗുണങ്ങളാണ് അല്ലാഹുവിനുള്ളത് എന്ന് വിശ്വസിക്കുകയും ചെയ്യുക.



മൂന്ന്) പ്രമാണങ്ങളിലൂടെ അല്ലാഹുവിന് സ്ഥിരീകരി ക്കപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്തിട്ടി ല്ലാത്ത ദേഹം, സ്ഥലം, ഭാഗം തുടങ്ങി ജനങ്ങൾ വിയോജിച്ചിട്ടുള്ളവ സ്ഥിരീകരിക്കുകയോ നിഷേധിക്കുകയോ ചെയ്യാതെ വിട്ടുനിൽക്കുക. എന്നാൽ അവയുടെ അർഥത്തെക്കുറിച്ച് വിശദീകരണം തേടുകയും അങ്ങനെ അല്ലാഹുവിന്റെ പരിശുദ്ധിക്ക് യോജിക്കാത്ത, അയാഥാർഥ്യമാണ് അത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നതെങ്കിൽ അത് തള്ളപ്പെടുന്നതാണ്. അതല്ല അല്ലാഹുവിന് യോജിക്കുന്ന ആശയമാണെങ്കിൽ അത് സ്വീകരിക്കുകയും ചെയ്യും.

ഇതാണ് നിർബന്ധമായും സ്വീകരിക്കേണ്ട മാർഗം. ഇത് അവയെ നിരാകരിക്കുന്നവരുടെയും സാദൃശ്യപ്പെടുന്നവരുടെയും ഇടയിലുള്ള മിതമായ അഭിപ്രായം കൂടിയാകുന്നു.

ഈ മാർഗം സ്വീകരിക്കൽ നിർബന്ധമാണെന്ന് ബുദ്ധിയും പ്രമാണവും സമ്മതിക്കുന്നു. അല്ലാഹുവിന് അനിവാര്യവും അനുവദനീയവും അസംഭവ്യവുമായ കാര്യങ്ങളിലെ വിശദീകരണം പ്രമാണം കൊണ്ടല്ലാതെ അറിയാൻ സാധ്യമല്ല.

അപ്പോൾ പ്രമാണത്തെ പിൻപറ്റിക്കൊണ്ട്, ഉള്ളതായി സ്ഥിരീകരിച്ചവയെ സ്ഥിരീകരിക്കുകയും നിഷിദ്ധമായ നിഷേധഗുണങ്ങളെ നിഷേധിക്കുകയും മൗനം പാലിച്ചതിൽ മൗനമവലംബിക്കുകയും ചെയ്യൽ നിർബന്ധമാകുന്നു. അല്ലാഹു പറയുന്നു:

“അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്കു വഴിയെ നൽകപ്പെടും” (അൽഅഅ്റാഫ്: 180).

ഈ വചനം അല്ലാഹുവിന്റെ നാമ വിശേഷണങ്ങളെ വ്യാഖ്യാനങ്ങളോ, നിരാകരണമോ കൂടാതെ സ്ഥിരീകരിക്കൽ നിർബന്ധമാണെന്ന് അറിയിക്കുന്നു. കാരണം അത് രണ്ടും കൃത്രിമം കാണിക്കലാകുന്നു.

“അവനു തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു” (അശ്ശൂറാ: 11).

അല്ലാഹുവിന്റെ നാമ വിശേഷണങ്ങളെ സാദൃശ്യപ്പെടുത്തൽ കൂടാതെ സ്ഥിരീകരിക്കൽ നിർബന്ധമാണെന്ന് ഈ സൂക്തം അറിയിക്കുന്നു.

“നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്” (അൽ ഇസ്റാഅ്: 36).

അല്ലാഹുവിന്റെ നാമ,വിശേഷണങ്ങളെ രൂപസങ്കൽപമില്ലാതെ സ്ഥിരീകരിക്കുകയും അപ്രകാരം അല്ലാഹുവിന് സ്ഥിരീകരിക്കപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്തവയിൽ സ്ഥിരീകരിക്കുകയോ നിഷേധിക്കുകയോ ചെയ്യാതെ വിട്ടുനിൽക്കുകയും ചെയ്യൽ നിർബന്ധമാണെന്ന് അറിയിക്കുന്നു.

ഇങ്ങനെ അല്ലാഹുവിന് സ്ഥിരപ്പെട്ട എല്ലാ ഗുണങ്ങളും സ്തുതിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യുന്ന പരിപൂർണമായ ഗുണങ്ങളാകുന്നു. യാതൊരുവിധത്തിലുള്ള ന്യൂനതകളും അവയ്ക്കില്ല. എന്നിരിക്കെ അല്ലാഹുവിന് സ്ഥിരപ്പെട്ട പരിപൂർണമായ എല്ലാ ഗുണങ്ങളും എല്ലാ വിധത്തിലും പരിപൂർണമായത് തന്നെയാണ്.

അപ്രകാരം അല്ലാഹു അവന്ന് ഇല്ല എന്നറിയിച്ച എല്ലാ നിഷേധഗുണങ്ങളും അല്ലാഹുവിന്ന് നിർബന്ധമായും ഉണ്ടാകേണ്ട ഗുണങ്ങൾക്ക് എതിരാകുന്നതാണ്. എല്ലാ സൽഗുണങ്ങളിലും അല്ലാഹു പരിപൂർണനായിരിക്കെ ന്യൂനതകളടങ്ങിയ ഗുണങ്ങളും അവന്ന് അസംഭവ്യമാകുന്നു. അതുപോലെ അല്ലാഹു അവന്ന് ഏതൊന്ന് നിഷിദ്ധമാക്കുന്നുവെങ്കിൽ അല്ലാഹുവിന്ന് നിഷിദ്ധമായ ആ നിഷേധ ഗുണം ഇല്ലെന്ന് അംഗീ

കരിക്കുന്നതോടൊപ്പം അല്ലാഹുവിന് നിഷിദ്ധമായ ആ നിഷേധഗുണത്തിന് എതിരായ ഗുണങ്ങളെ പരിപൂർണമായും സ്ഥിരീകരിക്കൽ കൂടിയാകുന്നു. എന്തുകൊണ്ടെന്നാൽ പ്രശംസനീയമായ ഒരു ഗുണം സ്ഥിരീകരിക്കാതെ നിഷേധ ഗുണം മാത്രം പരിപൂർണതയെ കുറിക്കുകയില്ല. കാരണം ചിലപ്പോൾ അശക്തത അതിന് കാരണമാകുന്നു. ഒരു കവിയുടെ വാക്കുകൾ നോക്കൂ:

"വഞ്ചന കാണിക്കാത്ത ഒരു ഗോത്രം! അവർ ജനങ്ങളോട് ഒരു കടുക്മണിയോളവും അനീതി പ്രവർത്തിക്കുന്നുമില്ല."

ആ ഗോത്രത്തിന് ശത്രുക്കളെ എതിർക്കുവാനുള്ള ശേഷിയില്ലാത്തതിനെ കവി നിന്ദിച്ചു പാടിയതാണിത്.

അല്ലാഹു അവന്ന് നിഷിദ്ധമാക്കിയ ഗുണങ്ങളിൽ പെട്ടതാണല്ലോ 'അക്രമം പ്രവർത്തിക്കൽ'. അതായത് അക്രമം പ്രവർത്തിക്കുക എന്ന നിഷേധഗുണം നിഷേധിക്കുന്നതോടൊപ്പം അതിന്റെ എതിർഗുണമായ നീതിപാലനം പരിപൂർണമായും സ്ഥിരീകരിക്കുകകൂടി ചെയ്യുന്നു. അല്ലാഹു അവന്ന് നിഷിദ്ധമാക്കിയ ഗുണങ്ങളിൽ പെട്ടതാണ് 'ക്ഷീണമുണ്ടാവുക' എന്നത്. എന്നുവെച്ചാൽ 'ക്ഷീണം ഉണ്ടാവുക' എന്ന നിഷേധ ഗുണം നിഷേധിക്കുന്നതോടൊപ്പം അതിന്റെ എതിർഗുണമായ ശക്തി പരിപൂർണമായും സ്ഥിരീകരിക്കുകകൂടി ചെയ്യുന്നു. ഇങ്ങനെയാണ് എല്ലാ നിഷേധ ഗുണങ്ങളെയും നിഷേധിക്കേണ്ടത്.

**അത്തഹ്‌രീഫ്**

ഭാഷാപരമായി മാറ്റംവരുത്തൽ എന്നാണിതിന്നർഥം. അടിസ്ഥാന പദത്തിലോ അർഥത്തിലോ മാറ്റംവരുത്തുക, വ്യാഖ്യാനിക്കുക എന്നതാണ് സാങ്കേതികാർഥം. പദപരമായ മാറ്റത്തോടൊപ്പം അർഥം വ്യത്യാസപ്പെടുകയും അല്ലാതെയുമിരിക്കും. ഇത് മൂന്ന് ഇനമാകുന്നു:

**1. പദത്തെ മാറ്റുന്നതോടൊപ്പം അർഥം മാറുന്നവ:**

ഉദാഹരണം: "മൂസായോട് അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു" (അന്നിസാഅ്:164) എന്ന ആയത്തിലെ 'അല്ലാഹു' എന്നതിന് ഉകാരത്തിന് പകരം 'അല്ലാഹ' എന്ന് ചിലർ 'അ'കാരം കൊടുക്കുന്നത് പോലെ. ഇത് മുഖേന ആയത്തിന്റെ അർഥം അല്ലാഹുവോട് മൂസാ നേരിട്ട് സംസാരിക്കുകയും ചെയ്തുവെന്നായി മാറും.

**2. പദത്തെ മാറ്റുന്നതോടൊപ്പം അർഥത്തിൽ മാറ്റം വരാത്തവ:**

ഉദാഹരണം: "സ്തുതി സർവലോക പരിപാലകനായ അല്ലാഹു വിന്നാകുന്നു" (അൽഫാതിഹ:2) എന്ന ആയത്തിലെ 'അൽഹംദു' എന്നതിന് 'ഉ'കാരത്തിന് പകരം 'അൽഹംദ' എന്ന് അകാരം കൊടുക്കുന്നത് പോലെ. ഇതുകൊണ്ട് ആയത്തിന്റെ അർഥം മാറുകയില്ല. അജ്ഞതയിൽ നിന്നാണ് സാധാരണ ഇത്തരം അബദ്ധങ്ങൾ ഉണ്ടാകുക. ഇതുകൊണ്ട് അവർക്ക് പ്രത്യേക ഉദ്ദേശ്യവും ഉണ്ടാകാറില്ല.

3. അർഥം മാറ്റുക, പ്രമാണത്തിന്റെ പിൻബലമില്ലാതെ ബാഹ്യമായ അർഥത്തെ മാറ്റുക:

ഉദാഹരണം: അല്ലാഹുവിന്റെ 'ഇരുകൈകൾ' എന്ന പ്രയോഗത്തെ ശക്തി, അനുഗ്രഹം തുടങ്ങിയ അർഥങ്ങളാക്കി മാറ്റുക.


> **സ്രഷ്ടാവിനെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തുക എന്നത് ബഹുദൈവ വിശ്വാസികൾ ചെയ്യുന്നതുപോലെ വിഗ്രഹങ്ങൾക്ക് ആരാധനയിൽ പങ്കുണ്ടെന്ന് വിശ്വസിക്കുകയും അവയ്ക്ക് ആരാധനകൾ അർപ്പിക്കുകയും ചെയ്യലാണ്. അല്ലാഹുവിന്റെ സത്തയിലോ വിശേഷണത്തിലോ സൃഷ്ടികളുടേതുപോലുള്ളവയെ സ്ഥിരീകരിക്കുക എന്നാണ് സ്രഷ്ടാവിനെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തുക എന്നതിന്നർഥം. അല്ലാഹുവിന്റെ കൈ സൃഷ്ടികളുടെ കൈകളെപ്പോലെയാണെന്നോ, അല്ലാഹുവിന്റെ സിംഹാസനാരോഹണം സൃഷ്ടികളുടേതുപോലെയാണെന്നോ പറയുന്നത് ഇതിനുദാഹരണങ്ങളാണ്. ആദ്യമായി സ്രഷ്ടാവിനെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തിയതായി അറിയപ്പെടുന്നത് ശിയാക്കളിലെ തീവ്രവാദികളായ റാഫിളിയാക്കളിൽപെട്ട 'ഹിശാമുബ്നുൽഹകം' ആണെന്ന് പറയപ്പെടുന്നു.**

**അത്തഅ്ത്വീൽ**

ഇതിന് ഭാഷാപരമായി; ശൂന്യമാക്കുക, നിഷേധിക്കുക എന്നൊക്കെയാണർഥം. അല്ലാഹുവിന്ന് നിർബന്ധമായ നാമവിശേഷണങ്ങളെ മുഴുവനോ ഭാഗികമോ നിരാകരിക്കുക എന്നതാണ് സാങ്കേതികാർഥം.

**അത്തക്‌യീഫ്**

അല്ലാഹുവിന്റെ വിശേഷണങ്ങൾക്ക് രൂപസങ്കൽപമുണ്ടാക്കുക. ഉദാഹരണം: അല്ലാഹുവിന്റെ കയ്യിന് രൂപസങ്കൽപമുണ്ടാക്കുക, അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങുന്നതും കയറുന്നതും ഇന്നിന്നപ്രകാരമാണെന്ന് സങ്കൽപിക്കുക. ഇതൊക്കെ അതിന് ഉദാഹരണങ്ങളാണ്. നമുക്ക് പരിചയമുള്ള ഇറക്കമോ കയറ്റമോ അല്ലാഹുവിന് സങ്കൽപിച്ചുകൂടാ.



**അത്തംഥീലു വത്തശ്ബീഹ്**

ഒന്നിന് തുല്യമായി മറ്റൊന്നിനെ സ്ഥിരീകരിക്കുന്നതിനാണ് 'അത്തംഥീൽ' എന്ന് പറയുക. ഒരു വസ്തുവിന് സാദൃശ്യമായത് സ്ഥാപിക്കുന്നതിന് 'തശ്ബീഹ്' എന്ന് പറയുന്നു.

തുല്യപ്പെടുത്തുക എന്നാൽ എല്ലാ നിലയ്ക്കും സമപ്പെടുത്തലാകുന്നു. സാദൃശ്യപ്പെടുത്തുക എന്നത് കൂടുതൽ ഗുണങ്ങളിലും സമപ്പെടുത്തലാകുന്നു. ഇവ പരസ്പരം ഒന്ന് മറ്റൊന്നായി പൊതുവെ പറയപ്പെടാറുണ്ട്. ഇവ രണ്ടിന്റെയും രൂപസങ്കൽപത്തിന്റെയും ഇടയിൽ രണ്ടു നിലയ്ക്കുള്ള വ്യത്യാസങ്ങ ളാണുള്ളത്.

ഒന്ന്: ഒരു വസ്തുവിന്റെ രൂപത്തെ സോപാധികമോ നിരുപാധികമോ വിവരിക്കലാണ് രൂപ സങ്കൽപമെന്നത്. എന്നാൽ തുല്യപ്പെടുത്തപ്പെടുന്നതും സാദൃശ്യപ്പെടുത്തപ്പെടുന്നതുമായ വസ്തുവിനോട് നിരുപാധികമായി അറിയിക്കുന്നതാണ് തംഥീലും തശ്ബീഹും.

ഇതനുസരിച്ച് രൂപസങ്കൽപം സർവവ്യാപകമായതായിരിക്കും. എന്തുകൊണ്ടെന്നാൽ സാദൃശ്യപ്പെടുത്തപ്പെടുന്നതെല്ലാം തന്നെ രൂപം സങ്കൽപിക്കപ്പെട്ടതാകുന്നു. എന്നാൽ സങ്കൽപിക്കുന്നതിനെല്ലാം രൂപമുണ്ടായികൊള്ളണമെന്നില്ല.

രണ്ട്: അല്ലാഹുവിന്റെ വിശേഷണങ്ങളുമായി മാത്രം ബന്ധപ്പെട്ടതാണ് 'രൂപസങ്കൽപം.' എന്നാൽ 'തുല്യപ്പെടുത്തൽ' ഔന്നത്യത്തിലും വിശേഷണത്തിലും സത്തയിലുമൊത്തെ ഉണ്ടാകും. ഇതനുസരിച്ച് തുല്യപ്പെടുത്തൽ വ്യാപകമായതായിത്തീരുന്നു.

**സൃഷ്ടിയെ സ്രഷ്ടാവിനോട് സാദൃശ്യപ്പെടുത്തൽ**

സ്രഷ്ടാവിന് മാത്രം പ്രത്യേകമാകുന്ന പ്രവൃത്തികൾ, അവകാശങ്ങൾ, വിശേഷണങ്ങൾ തുടങ്ങിയതിലേതെങ്കിലുമൊന്നിനെ സൃഷ്ടികൾക്ക് വകവെച്ചുകൊടുക്കലാണ് 'സൃഷ്ടിയെ സ്രഷ്ടാവിനോട് സാദൃശ്യപ്പെടുത്തൽ.' ഇതിലൂടെ അല്ലാഹുവിന്റെ കൂടെ മറ്റൊരു സ്രഷ്ടാവുണ്ടെന്ന വാദം സംഭവിക്കുന്നു. അഥവാ അല്ലാഹുവിന്റെ റുബൂബിയ്യത്തിൽ (രക്ഷാകർതൃത്വത്തിൽ) പങ്കുചേർക്കലാണത്.

## സ്രഷ്ടാവിനെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തൽ

സ്രഷ്ടാവിനെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തുക എന്നത് ബഹുദൈവ വിശ്വാസികൾ ചെയ്യുന്നതുപോലെ വിഗ്രഹങ്ങൾക്ക് ആരാധനയിൽ പങ്കുണ്ടെന്ന് വിശ്വസിക്കുകയും അവയ്ക്ക് ആരാധനകൾ അർപ്പിക്കുകയും ചെയ്യലാണ്.

അല്ലാഹുവിന്റെ സത്തയിലോ വിശേഷണത്തിലോ സൃഷ്ടികളുടേതു പോലുള്ളവയെ സ്ഥിരീകരിക്കുക എന്നാണ് സ്രഷ്ടാവിനെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തുക എന്നതിന്നർഥം. അല്ലാഹുവിന്റെ കൈ സൃഷ്ടികളുടെ കൈകളെപ്പോലെയാണെന്നോ, അല്ലാഹുവിന്റെ സിംഹാസനാരോഹണം സൃഷ്ടികളുടേതുപോലെയാണെന്നോ പറയുന്നത് ഇതിനുദാഹരണങ്ങളാണ്.

ആദ്യമായി സ്രഷ്ടാവിനെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തിയതായി അറിയപ്പെടുന്നത് ശിയാക്കളിലെ തീവ്രവാദികളായ റാഫിളിയാക്കളിൽപെട്ട 'ഹിശാമുബ്നുൽഹകം' ആണെന്ന് പറയപ്പെടുന്നു.

## ഇൽഹാദ് അഥവാ കൃത്രിമം കാണിക്കൽ

'ഇൽഹാദ്' എന്നാൽ വ്യതിയാനം എന്നാണ് ഭാഷാർഥം. വിശ്വസിക്കലോ അല്ലെങ്കിൽ പ്രവർത്തിക്കലോ നിർബന്ധമായതിൽ നിന്നും വ്യതിചലിക്കുക എന്നതാണ് സാങ്കേതികാർഥം.

## അല്ലാഹുവിന്റെ നാമങ്ങളിലുള്ള വ്യതിചലനം

അല്ലാഹുവിന്റെ നാമങ്ങളിലുള്ള വ്യതിചലനമെന്നതിന്റെ വിവക്ഷ നിർബന്ധമായും വിശ്വസിക്കേണ്ട യാഥാർഥ്യത്തിൽ നിന്നും ശരിയായ ആശയത്തിൽ നിന്നും വ്യതിചലിക്കുക എന്നതാണ്. അത് നാല് ഇനങ്ങളാകുന്നു:

1. അല്ലാഹുവിന്റെ നാമ വിശേഷണങ്ങളെ നിഷേധിക്കുന്ന കക്ഷികൾ ചെയ്തതുപോലെ അതിൽ ചിലതിനെ നിഷേധിക്കൽ.

2. അല്ലാഹുവിന്റെ നാമവിശേഷണങ്ങളെ സൃഷ്ടികളുടേതിനോട് സാദൃശ്യപ്പെടുത്തുന്ന കക്ഷികൾ ചെയ്തതു പോലെ അതിനെ സൃഷ്ടികളുടേതിനോട് സാദൃശ്യപ്പെടുത്തൽ.



3. ക്രിസ്ത്യാനികൾ അല്ലാഹുവിനെ 'പിതാവ്' എന്നും ദാർശനികർ 'ആദികാരണം' എന്നുമൊക്കെ വിളിക്കുന്നതുപോലെ അല്ലാഹു അവന് സ്വീകരിച്ചിട്ടില്ലാത്ത നാമങ്ങൾ വിളിക്കൽ. അല്ലാഹുവിന്റെ നാമങ്ങൾ പ്രമാണാടിസ്ഥാനത്തിലാകുന്നു. അതിനാൽ ഇതും വ്യതിചലനമാണ്.

4. 'അൽഇലാഹ്' എന്ന പദത്തിൽ നിന്ന് 'അൽ-ലാത്ത' എന്നും 'അൽ അസീസ്' എന്ന പദത്തിൽ നിന്ന് 'അൽഉസ്സ' എന്നും ഉരുത്തിരിച്ചെടുത്തതുപോലെ, അല്ലാഹുവിന്റെ നാമങ്ങളിൽ നിന്ന് വിഗ്രഹങ്ങൾക്ക് നാമങ്ങൾ ഉരുത്തിരിച്ചെടുക്കൽ.

## അല്ലാഹുവിന്റെ വചനങ്ങളിലുള്ള വ്യതിചലനം

നിയമപരമായ വചനങ്ങളിലാണിതുണ്ടാകുക. അഥവാ പ്രവാചകന്മാർ കൊണ്ടുവന്ന നിയമങ്ങളിലും വൃത്താന്തങ്ങളിലും. അപ്രകാരം അല്ലാഹു ആകാശങ്ങളിലും ഭൂമിയിലും സൃഷ്ടിച്ചതും സൃഷ്ടിക്കുന്നതുമായ സൃഷ്ടിപരമായ ദൃഷ്ടാന്തങ്ങളിലും ആളുകൾ കൃത്രിമത്വം കാണിക്കും.

പദമോ അർഥമോ വ്യാഖ്യാനിക്കുക, വൃത്താന്തങ്ങളെ കളവാക്കുക, നിയമങ്ങളെ ലംഘിക്കുക തുടങ്ങിയ വയാണ് നിയമപരമായ വചനങ്ങളിലുണ്ടാകുന്ന വ്യതിചലനം.

സൃഷ്ടിപരമായ ദൃഷ്ടാന്തങ്ങളിൽ സംഭവിക്കുന്ന വ്യതിചലനം സൃഷ്ടിപ്പിനെ അല്ലാഹുവല്ലാത്തവരിലേക്ക് ചേർക്കലാകുന്നു. അല്ലെങ്കിൽ അതിൽ അല്ലാഹുവിന് പങ്കാളിയുണ്ടെന്നോ സഹായിയുണ്ടെന്നോ വിശ്വസിക്കൽ. **(സംക്ഷിപ്ത വിവർത്തനം)**

കവിത

ആബിദ
mail@nerpatham.com



# ജീവിതയാത്ര

സ്രഷ്ടാവിൻ സൃഷ്ടികൾക്കിടയിലെ ശ്രേഷ്ഠത-
യുള്ളൊരു ജീവികളാണ് മർത്യർ
സ്നേഹവും സഹനവും ഒരുമയും കരുണയും
കാണിച്ചു ജീവിച്ചിടേണ്ടവർ നാം
അതുകൊണ്ടുതന്നെയീ ജീവിതയാത്രയിൽ
നന്മയെ മാത്രം നീ ലക്ഷ്യമാക്കൂ.
നിന്റെയീ ജീവിത സർവസൗഭാഗ്യങ്ങൾ
നാഥന്റെ ദാനമാണെന്നറിയൂ.
ഓർക്കുക ശാശ്വതമായുള്ള ജീവിതം
പരലോക ജീവിതം മാത്രമെന്ന്.
അതിനായ് കൊതിക്കുക ജീവിതയാത്രയിൽ
നന്മകൾ ചെയ്യുവാൻ മത്സരിക്കൂ.
ക്വുർആന്റെ വചനങ്ങൾ, ദൂതന്റെ ചര്യകൾ
നമ്മെ നയിക്കണം രക്ഷ നേടാൻ

സലീം സുല്ലമി വെള്ളേരി
saleemvellery@gmail.com

ലേഖനം



# അനുഗ്രഹങ്ങളിൽ നന്ദി കാണിക്കുക നാം

നഷ്ടപ്പെടുമ്പോഴാണ് ഓരോന്നിന്റെയും വിലയറിയുക എന്ന് പലരും പറയാറുണ്ട്. പലതിന്റെയും വില നാം അറിഞ്ഞുകൊണ്ടിരിക്കുകയാണിന്ന്.

ഇത്രയും കാലം സ്വന്തം നാട്ടിൽ അനുഭവിച്ച നിർഭയത്വം നഷ്ടപ്പെടാൻ പോകുന്നു എന്ന വലിയ ആശങ്ക കത്തിപ്പടരുകയാണ്. എല്ലാവരുടെയും മുഖത്ത് ഭീതിയുടെ മിന്നലാട്ടം പ്രകടമാണ്. ഫലസ്തീൻ മുസ്‌ലിംകളെയും റോഹിങ്ക്യൻ മുസ്‌ലിംകളെയും പോലെ ആട്ടിയോടിക്കപ്പെട്ടവരുടെ ദയനീയ മുഖങ്ങളായി ഇന്ത്യൻ മുസ്‌ലിംകളും വാർത്താ മാധ്യമങ്ങളിൽ ചർച്ചാവിഷയമാകുമോ? അല്ലാഹുവിൽ അഭയം!

എന്താണ് പരിഹാര മാർഗമെന്ന് ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു; അത് ശക്തമായ പ്രതിഷേധം തന്നെയാണ്. അത് നടന്നുകൊണ്ടിരിക്കുന്നു.

പ്രതിസന്ധിഘട്ടങ്ങളിൽ എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത് എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ജീവിതത്തിലെ ഏത് പ്രതിസന്ധികളിലും ഏറ്റവും ശരിയായ ദിശാബോധം നൽകുന്ന ക്വുർആൻ എന്ന മഹത്തായ ഗ്രന്ഥം; വ്യക്തി, കുടുംബം, സമൂഹം, രാജ്യം എന്നീ തുറകളിലെല്ലാം നിർഭയത്വം ലഭിക്കാനുള്ള മാർഗം വ്യക്തമാക്കുന്നുണ്ട്.

'നിർഭയത്വം' എന്ന അർഥത്തിൽ ക്വുർആൻ ഉപയോഗിച്ച വാക്ക് 'അംന്' എന്നാണ്. മനസ്സിന്റെ സമാധാനം, ഭയമില്ലാത്ത അവസ്ഥ എന്നതാണ് ഈ വാക്ക് കൊണ്ട് അർഥമാക്കുന്നത്. അല്ലാഹുവിൽ നിന്നും ലഭിക്കേണ്ടതായ മഹത്തായ ഒരു അനുഗ്രഹമാണത്. ഈ അനുഗ്രഹത്തിനു വേണ്ടി ഇബ്റാഹീം നബിﷺ നടത്തിയ പ്രാർഥന ക്വുർആൻ നമ്മെ ഓർമിപ്പിക്കുന്നു:

"എന്റെ രക്ഷിതാവേ, നീ ഇതൊരു നിർഭയമായ നാടാക്കുകയും ഇവിടത്തെ താമസക്കാരിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് കായ്കനികൾ ആഹാരമായി നൽകുകയും ചെയ്യേണമേ എന്ന് ഇബ്റാഹീം പ്രാർഥിച്ച സന്ദർഭവും (ഓർക്കുക)..." (2:126).

ചിന്തിക്കുക! ആഹാരം നൽകണേ എന്ന പ്രാർഥനക്ക് മുമ്പായി നിർഭയത്വം നൽകണേ എന്നാണ് ഇബ്റാഹീം നബിﷺ പ്രാർഥിച്ചത്!

നിർഭയത്വം ഉള്ളയിടത്ത് ഉപജീവനം കണ്ടെത്താനുള്ള സാഹചര്യങ്ങൾ ഏറെയാണ്. നിർഭയത്വം നഷ്ടപ്പെട്ടാൽ ഉപജീവന മാർഗവും പ്രതിസന്ധിയിലാകുന്നു. ഏത് സമയത്തും വർഷിക്കാനിരിക്കുന്ന വെടിയുണ്ടകൾക്കും ബോംബുകൾക്കുമിടയിൽ ഭക്ഷണത്തിന്റെ രുചിപോലും മറക്കുന്നവർ എത്രയെത്ര! ഭീതിയുടെ മുൾമുനയിൽ ഭക്ഷണംപോലും കഴിക്കാൻ കഴിയാത്തവർ! അവർക്ക് അവിടെ ആവശ്യം ഭയമില്ലാത്ത ഒരവസ്ഥയാണ്. നിർഭയത്വവും ഉപജീവനവും ഒരു പോലെ പ്രതിസന്ധിയിലായപ്പോൾ നിർഭയത്വത്തിനു മുൻഗണന നൽകുകയാണ് പ്രവാചകൻ ചെയ്തത്.

അല്ലാഹു പ്രത്യേകമായി എടുത്തു പറഞ്ഞ അനുഗ്രഹങ്ങളിൽ ഒന്നാണ് നിർഭയത്വം. ക്വുർആനിൽ പലയിടങ്ങളിലായി നമുക്കത് കാണാം. ചില വചനങ്ങൾ ശ്രദ്ധിക്കുക:

"നിർഭയമായ ഒരു പവിത്രസങ്കേതം നാം ഏർപെടുത്തിയിരിക്കുന്നു എന്ന് അവർ കണ്ടില്ലേ? അവരുടെ ചുറ്റുഭാഗത്തു നിന്നാകട്ടെ ആളുകൾ റാഞ്ചിയെടുക്കപ്പെടുന്നു. എന്നിട്ടും അസത്യത്തിൽ അവർ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തോട് അവർ നന്ദികേട് കാണിക്കുകയുമാണോ?"(29:67).

"ആ ഭവനത്തെ(കഅ്ബയെ) നാം മനുഷ്യർക്ക് ഒരു സങ്കേതവും ഒരു നിർഭയ(സുരക്ഷിത കേന്ദ്രം)സ്ഥാനവുമായി നാം നിശ്ചയിച്ചതും (ഓർക്കുക)...(2:125).

"നിങ്ങൾ ഭൂമിയിൽ ബലഹീനരായി ഗണിക്കപ്പെട്ടിരുന്ന കുറച്ച് പേർ മാത്രമായിരുന്ന സന്ദർഭം നിങ്ങൾ ഓർക്കുക. ജനങ്ങൾ നിങ്ങളെ റാഞ്ചിയെടുത്ത് കളയുമെന്ന് നിങ്ങൾ ഭയപ്പെട്ടിരുന്നു. എന്നിട്ട് അവൻ നിങ്ങൾക്ക് ആശ്രയം നൽകുകയും അവന്റെ സഹായം കൊണ്ട് നിങ്ങൾക്ക് പിൻബലം നൽകുകയും വിശിഷ്ട വസ്തുക്കളിൽ നിന്ന് നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തു. നിങ്ങൾ നന്ദിയുള്ളവരാകാൻ വേണ്ടി" (8:26).

ഇത്തരം വചനങ്ങളിലൂടെ അല്ലാഹു നമുക്ക് അവൻ നമ്മുടെ കൂടെയുണ്ട് എന്ന ബോധം പകർന്നു നൽകുന്നു. ആശ്വാസമേകുന്നു. ഏതൊരവസ്ഥയിലും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന ചിന്ത നാം കൈവിട്ടു കൂടാ. നമുക്ക് ജീവിതത്തിൽ നിർഭയത്വം ലഭിക്കണമെങ്കിൽ നാം ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്:

### നന്ദിയുള്ളവരാവുക

അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അനുഭവിക്കുവാനും ആസ്വദിക്കുവാനുമുള്ള ഒന്നാമത്തെ വഴി ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവരാവുക എന്നതാണ്. ആ അനുഗ്രഹങ്ങൾ



**നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുകയെന്ന, വ്യക്തിപരമായും സാമൂഹികമായും നിർവഹിക്കേണ്ട ദൗത്യത്തിന്റെ അഭാവം വലിയ അരക്ഷിതാവസ്ഥയാണ് സമൂഹത്തിൽ ഉണ്ടാക്കുക. ഇത് നിർവഹിക്കപ്പെടുന്ന സമൂഹത്തിൽ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ സദാ വർഷിക്കുക തന്നെ ചെയ്യും. ഈ ദൗത്യം നിർവഹിക്കുന്നവർക്ക് അല്ലാഹുവിന്റെ സഹായമുണ്ടാകുമെന്നതിൽ സംശയമില്ല.**

നിലനിർത്തുവാനും ആസ്വദിക്കുവാൻ കഴിയാനും അത് കാരണമാകും. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

"നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചു തരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും എന്ന് നിങ്ങളുടെ രക്ഷിതാവ് പ്രഖ്യാപിച്ച സന്ദർഭം (ശ്രദ്ധേയമത്രെ)" (14:7).

നന്ദികേട് കാണിച്ചപ്പോൾ നിർഭയത്വം നഷ്ടപ്പെട്ട് ശിക്ഷിക്കപ്പെട്ട ഒരു ജന വിഭാഗത്തെ അല്ലാഹു പരിചയപ്പെടുത്തുന്നത് കാണുക:

"തീർച്ചയായും സബഅ് ദേശക്കാർക്ക് തങ്ങളുടെ അധിവാസ കേന്ദ്രത്തിൽ തന്നെ ദൃഷ്ടാന്തമുണ്ടായിരുന്നു. അതായത്, വലതുഭാഗത്തും ഇടതുഭാഗത്തുമായി രണ്ടു തോട്ടങ്ങൾ. (അവരോട് പറയപ്പെട്ടു:) നിങ്ങളുടെ രക്ഷിതാവ് തന്ന ഉപജീവനത്തിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും അവനോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക. നല്ലൊരു രാജ്യവും ഏറെ പൊറുക്കുന്ന രക്ഷിതാവും. എന്നാൽ അവർ പിന്തിരിഞ്ഞ് കളഞ്ഞു. അപ്പോൾ അണക്കെട്ടിൽ നിന്നുള്ള ജലപ്രവാഹത്തെ അവരുടെ നേരെ നാം അയച്ചു. അവരുടെ ആ രണ്ട് തോട്ടങ്ങൾക്ക് പകരം കയ്പുള്ള കായ്കനികളും കാറ്റാടി മരവും അൽപം ചില വാകമരങ്ങളും ഉള്ള രണ്ട്



തോട്ടങ്ങൾ നാം അവർക്ക് നൽകുകയും ചെയ്തു. അവർ നന്ദികേട് കാണിച്ചതിന് നാം അവർക്ക് പ്രതിഫലമായി നൽകിയതാണത്. കടുത്ത നന്ദികേട് കാണിക്കുന്നവന്റെ നേരെയല്ലാതെ നാം ശിക്ഷാനടപടി എടുക്കുമോ? അവർക്കും (സബഅ് ദേശക്കാർക്കും) നാം അനുഗ്രഹം നൽകിയ (സിറിയൻ) ഗ്രാമങ്ങൾക്കുമിടയിൽ തെളിഞ്ഞ് കാണാവുന്ന പല ഗ്രാമങ്ങളും നാം ഉണ്ടാക്കി. അവിടെ നാം യാത്രയ്ക്ക് താവളങ്ങൾ നിർണയിക്കുകയും ചെയ്തു. രാപകലുകളിൽ നിർഭയരായിക്കൊണ്ട് നിങ്ങൾ അതിലൂടെ സഞ്ചരിച്ച് കൊള്ളുക (എന്ന് നാം നിർദേശിക്കുകയും ചെയ്തു). അപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ യാത്രാതാവളങ്ങൾക്കിടയിൽ നീ അകലമുണ്ടാക്കണമേ. അങ്ങനെ തങ്ങൾക്കു തന്നെ അവർ ദ്രോഹം വരുത്തി വെച്ചു. അപ്പോൾ നാം അവരെ കഥാവശേഷരാക്കിക്കളഞ്ഞു. അവരെ നാം സർവത്ര ഛിന്നഭിന്നമാക്കി. ക്ഷമാശീലനും നന്ദിയുള്ളവനുമായ ഏതൊരാൾക്കും തീർച്ചയായും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്" (34:15-19).

നോക്കുക! നിർഭയത്വം ലഭിക്കപ്പെട്ട സുന്ദരമായ ഒരു ഗ്രാമം. അവിടെ അല്ലാഹു അനുഗ്രഹങ്ങൾ ഏറെ വർഷിച്ചു. ഏന്നിട്ടും അവിടെയുള്ളവർ നന്ദികേട് കാണിച്ചു. അതിനാൽ അവർക്ക് അതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരികയും ചെയ്തു.

ഈ സംഭവത്തിൽ നമുക്കും ചില ദൃഷ്ടാന്തങ്ങളില്ലേ? നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് ചിന്തിക്കുക.മറ്റു നാടുകളെ അപേക്ഷിച്ച് നിർഭയത്വം തുളുമ്പുന്ന ഒരു നാടായിരുന്നു കേരളം. എന്നാൽ ഇന്നത്തെ അവസ്ഥയെന്താണ്? പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ കെടുതികളുടെ ഭീതി നമ്മെ വലയം ചെ

യ്തിരിക്കുന്നു. ഭക്ഷ്യവസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്നില്ലെങ്കിൽ നാം പട്ടിണി കിടക്കുന്ന അവസ്ഥയാണുള്ളത്. ഇപ്പോഴിതാ ഇന്ത്യാ രാജ്യം ഭരിക്കുന്നവരിൽനിന്നു തന്നെ അതിഭീകരമായ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു.

നമ്മൾ സ്രഷ്ടാവിനോട് നന്ദികാണിച്ചുകൊണ്ടാണോ ജീവിക്കുന്നത്? എണ്ണമറ്റ അനുഗ്രഹങ്ങൾ അനുഭവിച്ചുകൊണ്ട് ജീവിക്കുന്ന നമ്മൾ നന്ദികേടിലാണ് ജീവിക്കുന്നതെങ്കിൽ അല്ലാഹുവിന്റെ പരീക്ഷണങ്ങളിൽ നാം അകപ്പെടാതിരിക്കുമോ?

അല്ലാഹുവിന്റെ ഈ വചനമൊന്ന് ശ്രദ്ധിക്കൂ:

"അല്ലാഹു ഒരു രാജ്യത്തെ ഉപമയായി എടുത്തു കാണിക്കുകയാകുന്നു. അത് സുരക്ഷിതവും ശാന്തവുമായിരുന്നു. അതിലെ ആവശ്യത്തിനുള്ള ഭക്ഷണം എല്ലായിടത്തുനിന്നും സമൃദ്ധമായി അവിടെ എത്തിക്കൊണ്ടിരിക്കും. എന്നിട്ട് ആ രാജ്യം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിച്ചു. അപ്പോൾ അവർ പ്രവർത്തിച്ച് കൊണ്ടിരുന്നത് നിമിത്തം വിശപ്പിന്റെ ഭയത്തിന്റെയും ഉടുപ്പ് അല്ലാഹു ആ രാജ്യത്തിന് അനുഭവിക്കുമാറാക്കി'' (16:112).



ഇവിടെ നാം ഓർക്കുക; നിലവിലെ സാഹചര്യങ്ങൾ ഏറെ ആശങ്കകൾ സമ്മാനിക്കുന്നുവെങ്കിലും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാം നിർഭയരാണ്. അതിൽ നാം ആശ്വസിക്കുന്നുണ്ട്. ഇതും ഒരു അനുഗ്രഹം തന്നെയാണല്ലോ. ഇതിന് വാക്കിലൂടെയും പ്രവൃത്തിയിലൂടെയും നാം സ്രഷ്ടാവിനോട് നന്ദി പ്രകടിപ്പിക്കേണ്ടതില്ലേ?

## തൗഹീദ് സാക്ഷാത്കരിക്കുക

ഇഹപര ജീവിതത്തിൽ നിർഭയത്വം നേടിയെടുക്കുവാൻ പരിശുദ്ധ ക്വുർആൻ നൽകുന്ന ഏറ്റവും പ്രധാനമായ ഒരു പരിഹാരമാർഗമാണ് തൗഹീദ് സാക്ഷാത്കരിക്കുക എന്നത്. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് അവന് മാത്രം ആരാധനകൾ ചെയ്ത് ജീവിക്കുവാനാണ്. ഇതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ജീവിക്കുന്നവർക്ക് അല്ലാഹു നൽകുന്ന വാഗ്ദാനമാണ് നിർഭയത്വവും സ്വാധീനവും സൗകര്യങ്ങളുമെല്ലാം. അല്ലാഹു പറയുന്നത് കാണുക:

"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ" (24:55).

"വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ" (6:82).

ചിന്തിക്കുക! ആരാധനകളിൽ പ്രധാനങ്ങളായ പ്രാർഥനകളും നേർച്ചകളും വഴിപാടുകളും അല്ലാഹു അല്ലാത്തവർക്ക് നൽകിക്കൊണ്ടിരിക്കുന്നവർ മുസ്‌ലിം സമൂഹത്തിൽ എത്രയാണുള്ളത്! അതാണ് ഇസ്‌ലാമിന്റെ ശരിയായ വഴി എന്നും അങ്ങനെയൊക്കെ ചെയ്യുന്നവൻ മാത്രമാണ് യഥാർഥ മുസ്

ലിം എന്നും ചിന്തിക്കുന്ന ഒരു ജനവിഭാഗത്തിന് എങ്ങനെയാണ് ഭൂമിയിൽ നിർഭയത്വവും സ്വാധീനവും ലഭിക്കുക? അല്ലാഹുവിൽ അഭയം!

## നന്മ കൽപിക്കുക, തിന്മ വിരോധിക്കുക

നമ്മൾ മനസ്സിലാക്കിയ നന്മകൾ മറ്റുള്ളവരിലേക്കും എത്തിക്കാൻ നാം ശ്രമിക്കേണ്ടതുണ്ട്. പ്രവാചകൻﷺ പറയുന്നു; നിങ്ങൾ നിങ്ങളുടെ കുടുംബത്തിൽ നിന്നും തുടങ്ങണമെന്ന്. സ്വന്തം കുടുംബത്തിലുള്ളവരോട് നന്മ കൽപിക്കുവാനും തിന്മ വിരോധിക്കുവാനും സാധിച്ചില്ലെങ്കിൽ പിന്നെ എവിടെയാണത് സാധിക്കുക? അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും നിർബന്ധ നമസ്കാരത്തിൽ വീഴ്ച വരുത്താതിരിക്കുവാനും അതിനോട് വിമുഖത കാണിച്ചാലുണ്ടാകുന്ന വിപത്ത് എന്തായിരിക്കുമെന്നും കുടുംബത്തെ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുവൻ മടികാണിക്കുന്നവർ എങ്ങനെയാണ് സമൂഹത്തോട് അതെല്ലാം ഉപദേശിക്കുക?

അല്ലാഹു പറയുന്നു: "എന്നാൽ അവരെ ഓർമപ്പെടുത്തിയിരുന്നത് അവർ മറന്നുകളഞ്ഞപ്പോൾ ദുഷ്പ്രവൃത്തിയിൽ നിന്ന് വിലക്കിയിരുന്നവരെ നാം രക്ഷപ്പെടുത്തുകയും അക്രമികളായ ആളുകളെ അവർ ധിക്കാരം കാണിച്ചിരുന്നതിന്റെ ഫലമായി നാം കഠിനമായ ശിക്ഷ മുഖേന പിടികൂടുകയും ചെയ്തു" (7:165).

നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുകയെന്ന, വ്യക്തിപരമായും സാമൂഹികമായും നിർവഹിക്കേണ്ട ദൗത്യത്തിന്റെ അഭാവം വലിയ അരക്ഷിതാവസ്ഥയാണ് സമൂഹത്തിൽ ഉണ്ടാക്കുക. ഇത് നിർവഹിക്കപ്പെടുന്ന സമൂഹത്തിൽ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങൾ സദാ വർഷിക്കുക തന്നെ ചെയ്യും. ഈ ദൗത്യം നിർവഹിക്കുന്നവർക്ക് അല്ലാഹുവിന്റെ സഹായമുണ്ടാകുമെന്നതിൽ സംശയമില്ല.

## പ്രാർഥന

നിർഭയത്വം കൈവരിക്കാനുള്ള ഇബ്റാഹീം നബിعليه السلامയുടെ നിഷ്കളങ്കമായ പ്രാർഥന നാം തുടക്കത്തിൽ സൂചിപ്പിച്ചു. ഒരു വിശ്വാസിയുടെ ബലവത്തായ ആയുധം പ്രാർഥന തന്നെയാണ്. നിരന്തരമായ പ്രാർഥനയുടെ അനിവാര്യത മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾ നമ്മെ വിളിച്ചറിയിക്കുന്നുണ്ട്. പ്രഭാത പ്രദോഷ പ്രാർഥനകളിൽ നബിﷺ ഈ വിഷയം ഉൾപ്പെടുത്തിയിരുന്നു എന്നത് തന്നെ ഇതിന്റെ ഗൗരവം അറിയിക്കുന്നു.



നബിﷺ പ്രഭാതത്തിലും പ്രദോഷത്തിലും പതിവാക്കിയിരുന്ന ഒരു പ്രാർഥന ഇബ്നു ഉമറിൽ(റ) നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടത് കാണുക:

"അല്ലാഹുവേ, ഇഹത്തിലും പരത്തിലും ഞാൻ നിന്നോട് സൗഖ്യത്തെ ചോദിക്കുന്നു. എന്റെ മതപരവും ഭൗതികവും കുടുംബപരവും സാമ്പത്തികവുമായ എല്ലാ കാര്യത്തിലും ഞാൻ സൗഖ്യത്തെ

ചോദിക്കുന്നു. അല്ലാഹുവേ, എന്റെ രഹസ്യങ്ങൾ നീ മറച്ച് വെക്കുകയും പരിഭ്രമങ്ങളിൽ നിന്നും നീ എനിക്ക് നിർഭയത്വം നൽകുകയും ചെയ്യേണമേ. അല്ലാഹുവേ, എന്റെ മുന്നിലൂടെയും പിന്നിലൂടെയും വലത് ഭാഗത്തിലൂടെയും ഇടത് ഭാഗത്തിലൂടെയും മുകളിലൂടെയും നേരിടാവുന്ന വിപത്തുക്കളിൽ നിന്നും എന്നെ കാത്ത് രക്ഷിക്കേണമേ. താഴ്ഭാഗത്തിലൂടെ ഞാൻ വഞ്ചിക്കപ്പെടുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു" (അബൂദാവൂദ്).

ഹിജ്‌റ മാസപ്പിറവി ദർശിക്കുമ്പോൾ നടത്തുന്ന പ്രാർഥനയിലും നിർഭയത്വത്തെ ഉൾപ്പെടുത്തിയിരിക്കുന്നു:

"അല്ലാഹു ഏറ്റവും വലിയവൻ. അല്ലാഹുവേ! നീ ഞങ്ങളുടെ മീതെ ഈ ചന്ദ്രമാസത്തെ ഉദിപ്പിക്കുന്നത് (ഈ മാസം തുടക്കം കുറിക്കുന്നത്) നിർഭയത്വവും ഈമാനും സമാധാനവും ഇസ്‌ലാമും കൊണ്ടാക്കേണമേ. എന്റെ സ്രഷ്ടാവും സംരക്ഷകനുമായ റബ്ബും നിന്റെ (ചന്ദ്രന്റെ) സ്രഷ്ടാവും സംരക്ഷകനുമായ റബ്ബും അല്ലാഹുതന്നെയാണ്."

ലോകത്ത് നിർഭയത്വവും സമാധാനവും പുലരാൻ ഇസ്‌ലാമിക പ്രബോധനം ആത്മാർഥതയോടെ, ഗുണകാംക്ഷയോടെ നിർവഹിക്കപ്പെടേണ്ടതുണ്ട്. പ്രതിസന്ധികളുടെ കാഠിന്യം കൂടും തോറും തന്റെ രക്ഷിതാവിലുള്ള ദൃഢമായ വിശ്വാസത്താൽ നിർഭയത്വം വർധിക്കുകയാണ് ചെയ്യുക.

അല്ലാഹു പറയുന്നത് കാണുക: "ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്നു ആളുകൾ അവരോട് പറഞ്ഞപ്പോൾ അത് അവരുടെ വിശ്വാസം വർധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ"(3:173).

ഈയൊരു നിർഭയത്വമാണ് നമുക്ക് ചുറ്റും പുലരേണ്ടത്. നിർഭയത്വ സാഹചര്യങ്ങളിൽ നടത്തിയ പ്രബോധന പ്രവർത്തനങ്ങളാണ് സമൂഹത്തിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുള്ളതെന്ന് ഹുദൈബിയ സന്ധി നമുക്ക് പറഞ്ഞ് തരുന്നു.

കുടുംബത്തിലും രാജ്യത്തിലും നിർഭയത്വം നിലനിൽക്കുവാനായി പ്രവർത്തിക്കുക, പ്രാർഥിക്കുക.

peaceradio
Tune to reality

ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

ക്വുർആൻ പാഠങ്ങൾ
തൗഹീദും ആധിപത്യവും
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
06.01.20 തിങ്കൾ 08:00 PM

ആരോഗ്യ വിചാരം
തലച്ചോറിലെ ഓപ്പറേഷൻ
Dr Moni K Vinod
(Senior Consultant Neurosurgeon
and Head Of Department
Fujairah Hospital UAE) &
Shereej Abu Bakar
(Peace Radio)
06.01.20 തിങ്കൾ 09:25 PM

ഇ മദ്രസ
ഖുർആനിന്റെ പ്രത്യേകതകൾ
ഹസ്സൻ അൻസാരി
07.01.20 ചൊവ്വ 07:10 PM

ഹൃദയ വസന്തം
സൂറഃ സ്വാഫ്ഫാത്ത് 62,63
മുഹമ്മദ് കുട്ടി സലഫി
07.01.20 ചൊവ്വ 04:35 PM

ഹൃദയ വസന്തം
സൂറഃ ഹശ്ർ: 07
ശുറൈഹ് സലഫി
09.01.20 വ്യാഴം 04:35 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 68, ഭാഗം: 4

# ഖലം (പേന)

(മക്കയിൽ അവതരിച്ചത്)

36. നിങ്ങൾക്കെന്തു പറ്റി? നിങ്ങൾ എങ്ങനെയാണ് വിധികൽപിക്കുന്നത്?

37. അതല്ല, നിങ്ങൾക്കു വല്ല ഗ്രന്ഥവും കിട്ടിയിട്ട് നിങ്ങളതിൽ പഠനം നടത്തിക്കൊണ്ടിരിക്കുകയാണോ?

38. നിങ്ങൾ (യഥേഷ്ടം) തെരഞ്ഞെടുക്കുന്ന കാര്യങ്ങൾ നിങ്ങൾക്ക് അതിൽ (ആ ഗ്രന്ഥത്തിൽ) വന്നിട്ടുണ്ടോ?

39. അതല്ല, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ എത്തുന്ന-നിങ്ങൾ വിധിക്കുന്നതെല്ലാം നിങ്ങൾക്കായിരിക്കുമെന്നതിനുള്ള-വല്ല കരാറുകളും നിങ്ങളോട് നാം ബാധ്യതയേറ്റതായി ഉണ്ടോ?

40. അവരിൽ ആരാണ് ആ കാര്യത്തിന് ഉത്തരവാദിത്തം ഏൽക്കാനുള്ളത് എന്ന് അവരോട് ചോദിച്ചു നോക്കുക.

41. അതല്ല, അവർക്ക് വല്ല പങ്കുകാരുമുണ്ടോ?എങ്കിൽ അവരുടെ ആ പങ്കുകാരെ അവർ കൊണ്ടുവരട്ടെ. അവർ സത്യവാൻമാരാണെങ്കിൽ.

42. കണങ്കാൽ വെളിവാക്കപ്പെടുന്ന ഒരു ദിവസത്തെ നിങ്ങളോർക്കുക. സുജൂദ് ചെയ്യാൻ (അന്ന്) അവർ ക്ഷണിക്കപ്പെടും. അപ്പോൾ അവർക്കതിന് സാധിക്കുകയില്ല.

43. അവരുടെ കണ്ണുകൾ കീഴ്പോട്ട് താഴ്ന്നിരിക്കും. നിന്ദ്യത അവരെ ആവരണം ചെയ്യും. അവർ സുരക്ഷിതരായിരുന്ന സമയത്ത് സുജൂദിനായി അവർ ക്ഷണിക്കപ്പെട്ടിരുന്നു.

مَا لَكُمْ كَيْفَ تَحْكُمُونَ ﴿٣٦﴾
أَمْ لَكُمْ كِتَٰبٌ فِيهِ تَدْرُسُونَ ﴿٣٧﴾
إِنَّ لَكُمْ فِيهِ لَمَا تَخَيَّرُونَ ﴿٣٨﴾
أَمْ لَكُمْ أَيْمَٰنٌ عَلَيْنَا بَٰلِغَةٌ إِلَىٰ يَوْمِ ٱلْقِيَٰمَةِ ۙ إِنَّ لَكُمْ لَمَا تَحْكُمُونَ ﴿٣٩﴾
سَلْهُمْ أَيُّهُم بِذَٰلِكَ زَعِيمٌ ﴿٤٠﴾
أَمْ لَهُمْ شُرَكَآءُ فَلْيَأْتُوا۟ بِشُرَكَآئِهِمْ إِن كَانُوا۟ صَٰدِقِينَ ﴿٤١﴾
يَوْمَ يُكْشَفُ عَن سَاقٍ وَيُدْعَوْنَ إِلَى ٱلسُّجُودِ فَلَا يَسْتَطِيعُونَ ﴿٤٢﴾
خَٰشِعَةً أَبْصَٰرُهُمْ تَرْهَقُهُمْ ذِلَّةٌ ۖ وَقَدْ كَانُوا۟ يُدْعَوْنَ إِلَى ٱلسُّجُودِ وَهُمْ سَٰلِمُونَ ﴿٤٣﴾

36). പ്രതിഫലത്തിൽ ഇവരെല്ലാവരും തുല്യരാണെന്ന് ആരെങ്കിലും വിചാരിച്ചാൽ അവന് തന്റെ തീരുമാനത്തിൽ തെറ്റുപറ്റി. അവന്റെ തീരുമാനം തെറ്റാണ്. അഭിപ്രായത്തിൽ വീഴ്ച പറ്റുകയും ചെയ്തു.

37-38). അങ്ങനെ ഒരു വാദം കുറ്റവാളികൾ വാദിക്കുന്നുവെങ്കിൽ അവർക്കതിന് തെളിവില്ല. അവർ പാരായണം ചെയ്ത് പഠിക്കുന്ന ഒരു ഗ്രന്ഥത്തിലും അതില്ല. അവർ സ്വർഗക്കാരാണ്. അവർക്ക് അവരന്വേഷിച്ചതും ഇഷ്ടപ്പെട്ടതും ലഭിക്കും.

39-41). അവർ വിധിക്കുന്നത് അവർക്ക് ലഭിക്കുമെന്നതിന് അല്ലാഹുവിന്റെ അടുക്കൽ നിന്നുള്ള അന്ത്യനാൾ വരെ നിലനിൽക്കുന്ന ഒരു കരാറോ ശപഥമോ അവർക്കില്ല. അവരുടെ ആവശ്യങ്ങൾ നേടിക്കൊടുക്കുന്ന പങ്കാളികളോ സഹായികളോ അവർക്കില്ല. അങ്ങനെയുണ്ടെങ്കിൽ പങ്കാളികളെയും സഹായികളെയും അവർ കൊണ്ടുവരട്ടെ; അവർ സത്യവാന്മാരാണെങ്കിൽ.

ഇതൊന്നും ഇല്ലെന്ന് വ്യക്തം. അവർക്കൊരു ഗ്രന്ഥവും ഇല്ല. രക്ഷപ്പെടാവുന്ന ഒരു കരാറും അല്ലാഹുവിന്റെയടുക്കലില്ല. സഹായിക്കാവുന്ന പങ്കാളികളും അവർക്കില്ല. അതിനാൽ അവരുടെ വാദങ്ങൾ നിരർഥകവും നിഷ്ഫലവുമാണെന്ന് വ്യക്തം. (അവരിൽ ആരാണ് ആ കാര്യത്തിന് ഉത്തരവാദിത്തം ഏൽക്കാനുള്ളത് എന്ന് അവരോട് ചോദിച്ചുനോക്കുക). തെറ്റാണെന്നുറപ്പുള്ള ഈ വാദത്തിന് ജാമ്യം നിൽക്കാൻ അവരിലാരുണ്ട്. അതിന് തയ്യാറാകാൻ അവരിൽ ഒരാൾക്കും കഴിയില്ല. അതിൽ ഉത്തരവാദിത്തം ഏറ്റെടുക്കാനും ഒരാൾക്കും കഴിയില്ല.

42-43). ഉയിർത്തെഴുന്നേൽപ് നാളിൽ ഊഹിക്കാനാവാത്ത ഭയാനകതകളും പ്രകമ്പനങ്ങളും അസ്വസ്ഥതകളും പ്രത്യക്ഷപ്പെടും. തന്റെ അടിമകൾക്കിടയിൽ തീർപ്പ് കൽപിക്കാനും അവർക്ക് പ്രതിഫലം നൽകാനും സ്രഷ്ടാവ് വരും. ഒന്നിനോടും സാദൃശ്യപ്പെടുത്താൻ പറ്റാത്ത അവന്റെ പരിശുദ്ധമായ കണങ്കാൽ വെളിവാകും. അല്ലാഹുവിന്റെ മഹത്ത്വവും പ്രതാപവും അന്ന് സൃഷ്ടികൾ ദർശിക്കും. അത് വിശദീകരിക്കാനാവാത്തതാണ്. ആ സമയം (സുജൂദിനായി അവർ ക്ഷണിക്കപ്പെട്ടിരുന്നു). അല്ലാഹുവിന് സ്വമേധയാ ഇഷ്ടത്തോടെ സുജൂദ് ചെയ്തിരുന്ന വിശ്വാസികൾ അപ്പോൾ സുജൂദ് ചെയ്യും. കപടരും അധർമകാരികളുമായവർ സുജൂദ് ചെയ്യാൻ പോകും. എന്നാൽ അവർക്കതിനാവില്ല. പശുവിന്റെ ഉറച്ച മുതുക് പോലെയായിരിക്കും അവരുടെ മുതുകുകൾ. അവർക്ക് കുനിയാൻ കഴിയില്ല. ഇത് അവരുടെ പ്രവർത്തനങ്ങളുടെ അതേ ഇനത്തിൽ പെട്ട ശിക്ഷ തന്നെയാണ്. കാരണം ഈ ലോകത്ത് അവർ രോഗമൊന്നുമില്ലാതെ സുരക്ഷിതരായ സന്ദർഭത്തിൽ ഏകദൈവാരാധനയിലേക്കും സുജൂദിലേക്കും ക്ഷണിക്കപ്പെട്ടിരുന്നു. അപ്പോൾ അവരതിന് തയ്യാറാകാതെ അഹങ്കരിച്ചു. വിസമ്മതിക്കുകയും ചെയ്തു. അന്നേദിവസം അവരുടെ ചീത്ത പര്യവസാനത്തെക്കുറിച്ചും അവസ്ഥയെക്കുറിച്ചും നീ ചോദിക്കരുത്. കാരണം അല്ലാഹു അവരോട് കോപിച്ചിരിക്കുന്നു. ശിക്ഷയുടെ വചനം അവരിൽ യാഥാർഥ്യമാവുകയും ചെയ്തു. അവരുടെ ബന്ധങ്ങൾ മുറിയുകയും ചെയ്തു. ഒഴിവ്കഴിവോ ഖേദമോ ഉയിർത്തെഴുന്നേൽപ് നാളിൽ ഒരു പ്രയോജനവും അവർക്ക് ചെയ്യുകയില്ല. ഇതിൽ (ഈ വചനത്തിൽ) തെറ്റുകളിൽ നിന്ന് വിരമിക്കാൻ ഹൃദയങ്ങളെ ഭയപ്പെടുത്തുകയും സാധ്യമാകുന്നത്ര കാലം പ്രയോജനപ്പെടുത്തൽ നിർബന്ധമാക്കുകയും ചെയ്യുന്നു. തെറ്റുകളിൽ നിലനിൽക്കുന്നതിനെ നിരുൽസാഹപ്പെടുത്തുകയും സാധ്യമാകുന്ന സമയത്ത് ഒരു വീണ്ടെടുപ്പിന് ശ്രമിക്കാൻ നിർബന്ധിക്കുകയും ചെയ്യുന്നുണ്ടിവിടെ. ●

**ഉയിർത്തെഴുന്നേൽപ് നാളിൽ ഊഹിക്കാനാവാത്ത ഭയാനകതകളും പ്രകമ്പനങ്ങളും അസ്വസ്ഥതകളും പ്രത്യക്ഷപ്പെടും. തന്റെ അടിമകൾക്കിടയിൽ തീർപ്പ് കൽപിക്കാനും അവർക്ക് പ്രതിഫലം നൽകാനും സ്രഷ്ടാവ് വരും. ഒന്നിനോടും സാദൃശ്യപ്പെടുത്താൻ പറ്റാത്ത അവന്റെ പരിശുദ്ധമായ കണങ്കാൽ വെളിവാകും. അല്ലാഹുവിന്റെ മഹത്ത്വവും പ്രതാപവും അന്ന് സൃഷ്ടികൾ ദർശിക്കും. അത് വിശദീകരിക്കാനാവാത്തതാണ്. അല്ലാഹുവിന് സ്വമേധയാ, ഇഷ്ടത്തോടെ സുജൂദ് ചെയ്തിരുന്ന വിശ്വാസികൾ അപ്പോൾ സുജൂദ് ചെയ്യും. കപടരും അധർമകാരികളുമായവർ സുജൂദ് ചെയ്യാൻ പോകും. എന്നാൽ അവർക്കതിനാവില്ല. പശുവിന്റെ ഉറച്ച മുതുക് പോലെയായിരിക്കും അവരുടെ മുതുകുകൾ. അവർക്ക് കുനിയാൻ കഴിയില്ല.**



സീനത്ത് അലി, എടത്തനാട്ടുകര
mail@nerpatham.com

# ത്രിവർണം

ചിന്തകളിലെ
തീയണയ്ക്കുന്നതിനു മുമ്പ്
പൊരുതുന്ന നെഞ്ചിനെ
വെടിയുണ്ടകൾ കൊണ്ട്
നിശ്ശബ്ദമാക്കുന്നതിനു മുമ്പ്
ഒരു നാടിന്റെ ഭൂപടം വലിച്ചു കീറി
മൂടുപടമണിയുന്നതിന് മുമ്പ്
രാജാവേ...
നിന്റെ കറപുരണ്ട
ശുഭ്ര വസ്ത്രം ഊരിയെറിയുക
കിരീടവും ചെങ്കോലും
മാറ്റിവച്ച് പുറത്തേക്കൊന്നു
നോക്കുക.
രാജപാതയ്ക്കു പുറത്ത്
തോളോടുതോൾ
ചേർന്ന് പൊരുതുന്നത്
ഇനിയും പിന്നിപ്പോകാത്ത
ഒരു രാജ്യത്തിന്റെ
മതേതരത്വമാണ്
ഒറ്റ നിറത്തിൽ
പൊലിഞ്ഞു പോകാത്ത
ത്രിവർണ സ്വപ്നങ്ങളാണ്

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...

താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JANUARY 11

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...



## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |